

കൊച്ചുതിരുമേനി പഴഞ്ഞിപള്ളിയിലെത്തി. അന്നുരാത്രി ഏഴരമണിയോടുകൂടി തിരുമേനി പഴഞ്ഞികൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് മുപ്പത് മിനിട്ടുനേരം പ്രസംഗിച്ചു. അന്നത്തെ സുവിശേഷയോഗത്തിന്റെ അന്ത്യത്തിലും തിരുമനസ്സുകൊണ്ട് ഏതാനും സമയം സംസാരിച്ചു. വെള്ളിയാഴ്ച വൈകിട്ടും, ശനിയാഴ്ച വൈകിട്ടും തിരുമനസ്സിലെ പ്രസംഗമഹായോഗത്തിൽ സംബന്ധിച്ച അനേകായിരം സ്ത്രീപുരുഷന്മാരെ ഉദ്ബുദ്ധരാക്കി. ഏപ്രിൽ 8 നു ഞായറാഴ്ച രാവിലെ തിരുമനസ്സുകൊണ്ടുതന്നെയാണ് പഴിഞ്ഞിപള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചത്. തിരുമേനിയുടെ അന്നത്തെ ദിനചര്യ അത്യന്തം കർമ്മനിബിഡമായിരുന്നു. അന്നു ഉച്ചകഴിഞ്ഞ് നടന്ന സൺഡേസ്കൂൾ വാർഷീക സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചതും അതിനെതുടർന്ന് നടന്ന സുവിശേഷയോഗത്തിന്റെ ഉപസംഹാരസമ്മേളനത്തിൽ ദീർഘമായ സമാപന പ്രഭാഷണം നടത്തിയതും തിരുമനസ്സുകൊണ്ടുതന്നെയായിരുന്നു. അന്നുതന്നെയായിരുന്നു തിരുമനസ്സുകൊണ്ട് കാക്കു അച്ചനെ സന്ദർശിച്ച് പ്രാർത്ഥന നടത്തിയത്. ഇത്രവളരെ ജോലിതിരക്കുണ്ടായിരുന്നിട്ടും തിരുമേനി അന്നുതന്നെ കുന്നംകുളത്തേക്ക് യാത്രതിരിച്ച് സന്ധ്യയ്ക്കു മുമ്പായി പഴയ പള്ളിയിലെത്തി. കുന്നംകുളം കൺവൻഷന്റെ ഉദ്ഘാടന പ്രസംഗവും തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു. "നിങ്ങൾ പോയി നാനാ ജാതികളോടും സുവിശേഷം അറിയിപ്പിൻ" എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു തിരുമേനി അന്നു പ്രസംഗിച്ചത്.

ഏപ്രിൽ 9 നു കുന്നംകുളത്തെ മി: മൂലേപ്പാട്ടെ വർഗ്ഗീസിന്റെ ഉടമസ്ഥതയിൽ നടക്കുന്ന "തയ്യൽ വിദ്യാലയത്തിന്റെ വാർഷീകാ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുകയും, ഉപക്രമപ്രസംഗം നടത്തുകയും ചെയ്തു. പത്താം തീയതി ചൊവ്വാഴ്ച വൈകിട്ട് നടന്ന സുവിശേഷയോഗത്തിലെ പ്രധാന പ്രാസംഗികൻ തിരുമേനി തന്നെയായിരുന്നു. ബുധനാഴ്ചയോടുകൂടി കന്നംകുളത്തെ കൺവൻഷനും അവസാനിച്ചു. പന്ത്രണ്ടാം തീയതി വ്യാഴാഴ്ച തിരുമനസ്സുകൊണ്ട് തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ്സ് മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ച് ദീർഘനേരം സംഭാഷണം നടത്തി. അന്ന് വൈകിട്ട് ചിറ്റഞ്ഞൂർ ഹാളിൽ പ്രാർത്ഥന നടത്തുകയും ക്ലാസ്സെടുക്കുന്ന രീതിയിൽ ഒരു മണിക്കൂറോളം പ്രസംഗിക്കുകയുമുണ്ടായി. "എന്റെ മാതാവും, സഹോദരന്മാരും ആരാകുന്നു. എന്നുള്ളതായിരുന്നു തിരുമേനിയുടെ അന്നത്തെ പ്രസംഗവിഷയം. അന്ന് രാത്രിയിൽ തിരുമേനിക്ക് നെഞ്ചിനകത്ത് ഒരു വേദനയുണ്ടായി. 13-നു വെള്ളിയാഴ്ച രാവിലെ എന്നേയും കൂടെയുണ്ടായിരുന്നവരേയും വിളിച്ചു കൽപ്പിച്ചു "രാത്രിയിൽ എനിക്ക് നെഞ്ചിനകത്ത് വലിയ വേദനയുണ്ടായിരുന്നു. ഹൃദയം നിലച്ചുപോകുമെന്ന് എനിക്ക് തോന്നി. നിങ്ങളെ വിളിച്ചുണർത്തി ഉപദ്രവിക്കേണ്ടാ എന്ന് കരുതി. ഞാൻ മരിച്ചുപോയിരുന്നുവെങ്കിൽ നിങ്ങൾ എന്തുചെയ്യുമായിരുന്നു." ഞങ്ങൾ പെട്ടെന്ന് ഞെട്ടിപ്പോയി. കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. മറുപടി പറയാൻ നാവു പൊങ്ങാതെ ഞങ്ങൾ മുറിക്കു വെളിയിലിറങ്ങി. ഉടനെ തിരുമേനി ഞങ്ങളെ വിളിച്ച് "എനിക്ക് 53 വയസ്സ് വരെ ആയുസ്സുള്ളു" എന്നു വീണ്ടും കൽപ്പിച്ചു. തിരുമനസ്സുകൊണ്ട് എന്താണിങ്ങനെ പറയുന്നത്. ജാതകകുറിപ്പ് തിരുമേനിയെ അൽപം ബാധിച്ചിട്ടുണ്ടെന്ന് തോന്നുന്നല്ലോ" എന്ന് ഞാൻ ചോദിച്ചുപോയി. (It has a place in my mind and I remember it always in my prayers) ആ അക്കാര്യത്തിനു എന്റെ മനസ്സിൽ ഒരു സ്ഥാനമുണ്ട്. എന്റെ പ്രാർത്ഥനകളിൽ ഞാൻ അത് സ്മരിക്കുകയും ചെയ്യുന്നുണ്ട്. എന്ന് തിരുമനസ്സുകൊണ്ട് പറഞ്ഞു, ഞാൻ അത് ഇന്നു വരേയും മനസ്സിലാക്കിയിരുന്നില്ലല്ലോ എന്നായി ഞാൻ. എനിക്ക് മരിക്കുന്നതിനു യാതൊരു ഭയവുമില്ല ഞാൻ അതോർത്തു ഭയപ്പെട്ടു പറയുകയല്ല എന്ന് തിരുമനസ്സുകൊണ്ട് വീണ്ടും കൽപ്പിച്ചു. തിരുമനസ്സുകൊണ്ട് ഇത്രയും സംഭാഷണം നടത്തിയത് കസാലയിൽ ഇരുന്നുകൊണ്ടാണ്. അടുത്ത ക്ഷണത്തിൽ തിരുമനസ്സുകൊണ്ട് കിടക്കയിൽ ചെന്നിരുന്നു. തിരുമേനി അവിടവിടെയായി സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ മുന്നോട്ടു നടത്തിക്കൊണ്ടു പോകണമെന്നും മറ്റും ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ ശേഷം ഒരു വിൽപ്പത്രം എഴുതാൻ തിരുമേനി കടലാസെടുത്തു. വിശ്രമിക്കുകയാണ് വേണ്ടതെന്നു ഞാൻ തിരുമനസ്സറിയിച്ചതുമൂലം തിരുമേനി സ്വസ്ഥമായി കിടക്കയിൽ കിടന്നു. ഒരു വൈദ്യനെ വരുത്തി വേണ്ട ഔഷധങ്ങൾ വാങ്ങി ഉപയോഗിച്ചതോടുകൂടി തിരുമേനിയുടെ അസ്വാസ്ഥ്യം ക്രമേണ നീങ്ങി. വെള്ളിയാഴ്ചയും, ശനിയാഴ്ചയും തിരുമേനി നല്ലതുപോലെ വിശ്രമിച്ചു. ശരീരത്തിന് പറയത്തക്ക ക്ഷീണമൊന്നും പിന്നീട് കാണപ്പെട്ടിരുന്നില്ല. ഞായറാഴ്ച വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും, കുർബ്ബാന മദ്ധ്യേ ഒരു പ്രസംഗം നടത്തുകയും ചെയ്തു. അന്ന് മലങ്കരയൊട്ടുക്ക് കാതോലിക്കാദിനം ആഘോഷിക്കുന്ന ദിവസമായിരുന്നു. അത് സംബന്ധിച്ച് അന്നുച്ചയ്ക്ക് നടന്ന വമ്പിച്ച സമ്മേളനത്തിൽ തിരുമനസ്സുകൊണ്ട് കാതോലിക്കാ സ്ഥാപനത്തിന്റെ പുരാതനത്വം വളർച്ച, മാഹാത്മ്യം അത് നിലനിർത്തിക്കൊണ്ടു പോകേണ്ടതായ ആവശ്യം എന്നീ വിഷയങ്ങളെ സ്പർശിച്ചുകൊണ്ട് സുദീർഘമായി പ്രസംഗിച്ചു. സമ്മേളനത്തെ തുടർന്ന് ഒരു വലിയ സദ്യ ഉണ്ടായിരുന്നു. അനേകായിരം പേർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത് കണ്ടുകൊണ്ട് തിരുമേനി സദ്യസ്ഥലമെല്ലാം ചുറ്റിനടന്നു. അന്ന് വൈകിട്ട് തിരിച്ചുള്ള യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ നടത്തി കൊള്ളാൻ തിരുമനസ്സുകൊണ്ടു കൽപ്പിച്ചു.

അന്ന് രാത്രിയിൽ തിരുമേനിക്ക് നെഞ്ചിനകത്ത് ഒരു വേദനയുണ്ടായി. 13-നു വെള്ളിയാഴ്ച രാവിലെ എന്നേയും കൂടെയുണ്ടായിരുന്നരേയും വിളിച്ചു കൽപ്പിച്ചു "രാത്രിയിൽ എനിക്ക് നെഞ്ചിനകത്ത് വലിയ വേദനയുണ്ടായിരുന്നു. ഹൃദയം നിലച്ചുപോകുമെന്ന് എനിക്ക് തോന്നി. നിങ്ങളെ വിളിച്ചുണർത്തി ഉപദ്രവിക്കേണ്ടാ എന്ന് കരുതി. ഞാൻ മരിച്ചുപോയിരുന്നുവെങ്കിൽ നിങ്ങൾ എന്തുചെയ്യുമായിരുന്നു."

ഏപ്രിൽ 16 നു രാവിലെ തിരുമേനി കുന്നംകുളത്തു നിന്നും തിരിച്ച് ആർത്താറ്റു പള്ളിയിലെത്തി. അവിടെ വ്രതാനുഷ്ഠാനനിരതരായി പള്ളിയിൽ താമസിച്ചിരുന്ന നൂറ് പേരടങ്ങിയ ഒരു സംഘത്തോട് നോമ്പിനെക്കുറിച്ചും പുതുക്കപ്പെട്ടതും ഒരുക്കപ്പെട്ടതുമായ ജീവിതത്തെപ്പറ്റിയും വിവരിച്ചുകൊണ്ട് നാൽപ്പത്തിയഞ്ച് മിനിറ്റുനേരത്തേക്ക് ഒരു ക്ലാസ്സെടുക്കുന്ന തരത്തിൽ പ്രസംഗിച്ചു. അനന്തരം അവിടെനിന്നും മരത്തങ്കോട്ടേക്ക് തിരിച്ചു. യാത്രാമദ്ധ്യേ നെഞ്ചിനകത്ത് വീണ്ടും വേദന ഉണ്ടായി. ഒരു തലയിണ എടുത്ത് നെഞ്ചോട് ചേർത്ത് പിടിച്ച് അതിന്മേൽ തിരുമേനി തിരുമ്മിക്കൊണ്ടിരുന്നു. മരത്തങ്കോട്ടു എത്തിയ

ഉടൻതന്നെ വൈദ്യനെ വരുത്തി വേണ്ട പ്രതിവിധികൾ ചെയ്യിച്ചു. പകൽ പന്ത്രണ്ടു മണിക്ക് തിരുമേനി കിടക്കയിൽ എഴുന്നേറ്റിരുന്ന് എന്നെക്കൊണ്ട് അഞ്ചു കത്തുകൾ എഴുതിച്ചു. കാതോലിക്കാബാവാതിരുമനസ്സിലേക്കും, തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കും, മാർബേയ്സിൽ സൊസൈറ്റിയുടെ സുപ്പീരിയറിനും, മെത്രാസന ഇടവക സെക്രട്ടറിയായ ദിവ്യശ്രീ ദാനിയേൽ കത്തനാർ അവർകൾക്കും ദിവ്യശ്രീ.പി.ജി. ജോർജ്ജ് ശെമ്മാശൻ അവർകൾക്കുമായിരുന്നു ആ കത്തുകൾ. കത്തുകളെഴുതി കഴിഞ്ഞ തിരുമനസ്സുകൊണ്ട് പേഴ്സിൽ നിന്ന് 162 രൂപ 4 അണ എടുത്ത് ഒരു കവറിലിട്ട് ഒട്ടിച്ച് അതിന്റെ പുറത്ത് സ്വന്തം കൈപ്പടയിൽ മേൽവിലാസമെഴുതി എന്നെ ഏൽപ്പിച്ചിട്ടു പറഞ്ഞു " ഈ തുക തുമ്പമൺ മർത്തമറിയം സമാജം ഖജാൻജിയെ ഏൽപ്പിച്ച് രസീത് വാങ്ങിച്ചുകൊള്ളണം. എനിക്കിതല്ലാതെ യാതൊരു കടവുമില്ല, ഒരു കടപ്പാടുമില്ല. എന്റെ വിഷമസ്ഥിതി കണ്ട് തിരുമനസ്സുകൊണ്ട് വീണ്ടും കൽപ്പിച്ചു. ശെമ്മാശൻ ഒന്നുംകൊണ്ടും വിഷമിക്കേണ്ടാ. എനിക്കൊന്നും വന്നുപോകുമെന്നു വിചാരമില്ല. മനസ്സിലെ വിഷമം അൽപം കുറയുന്നതിനുവേണ്ടി ഇതൊക്കെ പറയുന്നതാണ്.

അനന്തരം തിരുമേനി എഴുന്നേറ്റ് വരാന്തയിൽ ചെന്നിരുന്ന് ഉച്ചമേശ കഴിച്ചു. ഏകദേശം 4 മണിയോടുകൂടി നെഞ്ചിനകത്തെ വേദന കുറെക്കൂടി വർദ്ധിച്ചു. ഉടൻത്തന്നെ ഡോക്ടർ ആർ.ഡി. പൈ. എം.ബി.ബി. എസ്സിനെ വരുത്തി അദ്ദേഹം ദേഹപരിശോധന നടത്തി. രക്ത സമ്മർദ്ദമാണന്ന് അഭിപ്രായപ്പെടുകയും ഒരാഴ്ചയെങ്കിലും കുന്നം കുളത്ത് വിശമിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. രണ്ടുപ്രാവശ്യം കുത്തിവെയ്പും നടത്തി. രാത്രി രണ്ടുമണിക്ക് കൊടുക്കുന്നതിന് ഒരു ഗുളിക വാങ്ങികൊണ്ടുവരുവാൻ പറയുകയും ചെയ്തു. രാത്രിയിൽ തിരുമേനിക്ക് അശേഷം ഉറക്കമുണ്ടായില്ല. ഇടയ്ക്കിടക്ക് ഛർദ്ദിയുമുണ്ടായിരുന്നു. പ്രഭാതമായപ്പോൾ ഡോക്ടർ വീണ്ടും വന്നുചേർന്നു,. തിരുമേനിക്ക് കൂടുതൽ ക്ഷീണം കാണുകയാൽ പ്രധാന കേന്ദ്രങ്ങളിലേക്കും, സഹോദരന്മാർക്കും മറ്റും കമ്പിയടിക്കണമെന്ന് ഡോക്ടർ നിർദ്ദേശിച്ചു. പകൽ ഒൻപതുമണി ആയപ്പോഴേക്കും തിരുമേനിയുടെ ശ്വാസഗതിക്കു മാറ്റം കണ്ടുതുടങ്ങി. കൂടെകൂടെ എഴുന്നേറ്റിരിക്കുകയും, കിടക്കുകയും ഞങ്ങളുടെ തോളിൽ താങ്ങിപ്പിടിക്കുകയും ചെയ്തുകൊണ്ടിരുന്നു. 9-15 നു അടുത്തു നിന്നിരുന്ന എന്റെ കണ്ണിലേക്കു നോക്കിക്കൊണ്ട് ദീനസ്വരത്തിൽ കൽപ്പിച്ചു ഹാ ഉറക്കമില്ലാത്ത ഒരു രാത്രി മരിക്കും. തൃക്കൈ എടുത്ത് തിരുമനസ്സികൊണ്ട് കുരിശ് വരച്ചു അടുത്തുണ്ടായിരുന്ന ബഹുമാനപ്പെട്ട പട്ടക്കാർ പ്രാർത്ഥനയും തൈലാഭിഷേകവും നടത്തി. ആ സമയം തിരുമനസ്സുകൊണ്ട് കട്ടിലിൽ എഴുന്നേറ്റിരുന്നു, ഇടത്തുവശത്ത് തിരുമേനിയുടെ ഡ്രൈവറും വലതുവശത്ത് ഞാനും ഇരുന്ന് തിരുമേനിയെ താങ്ങിപ്പിടിക്കുന്നുണ്ടായിരുന്നു. പ്രാർത്ഥനയ്ക്കുശേഷം തിരുമേനിക്ക് ഏറ്റവും ഇഷ്ടമുണ്ടായിരുന്ന “കരുണക്കടലേ ഞാൻ നോക്കും” എന്നുള്ള അനുതാപഗീതം ഞാൻ മൂന്നു പ്രാവശ്യം പാടി അനന്തരം എന്റെ കൈകളിൽ തലയും ഡ്രൈവറുടെ മടിയിൽ കാലുകളും ഉയർത്തിവെച്ച് തിരുമനസ്സുകൊണ്ട് കട്ടിലിൽ കിടന്നു. ഒരു ബഹുമാനപ്പെട്ട പട്ടക്കാരൻ പ്രാർത്ഥന ചൊല്ലികൊടുത്തു എന്റെ ദൈവമേ എന്റെ ദൈവമേ എന്നു തിരുമേനി പലതവണ ഉച്ചരിച്ചു. ബഹുമാനപ്പെട്ട പട്ടക്കാർ വിശ്വാസപ്രമാണം ചൊല്ലി ഏകദേശം പത്തേകാൽമണിയായതോടുകൂടി ആ മഹാപരിശുദ്ധന്റെ ആത്മാവ് അതിന്റെ ഉടയവന്റെ സമീപത്തേക്ക് യാത്രയായി. അങ്ങനെ മലങ്കര സഭയിൽ വട്ടശ്ശേരി തിരുമേനിയെ മാതൃകയാക്കി സഭയുടെയും നാനാജാതിമതസ്ഥരുടേയും കണ്ണിലുണ്ണിയായിരുന്ന പുത്തൻകാവിലെ കൊച്ചുതിരുമേനി - സകല സഭകളേയും സംയോജിപ്പിച്ചുകൊണ്ടിരുന്ന ആ കനകശൃഖംല കാലയവനികയ്ക്കുള്ളിൽ മറിഞ്ഞ് ക്രൈസ്തവജീവിതത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിലേക്കു പ്രവേശിച്ചു.


എപ്പോഴും എവിടെയോ നിനക്കു തിരുമനസ്സാകുന്ന പ്രകാരം അടിയനെ നീ ചേർത്തുകൊള്ളണമെ എന്നുള്ള പിതാക്കന്മാരുടെ പ്രാർത്ഥന അതേപടി പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്തുവന്നിരുന്ന ആ പരിശുദ്ധ പിതാവ് സുറിയാനി സമുദായത്തിനു വേണ്ടി തന്റെ ജീവനെ സമർപ്പിച്ചു, തിരുമേനി സഭാസേവനത്തിനായി വിളിച്ചിട്ടുള്ള ഏവരും തിരുമനസ്സിലെ തിരുവുള്ളത്തേയും ആദർശത്തെയും മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുകടപ്പെട്ടവരാണെന്ന് ഓർത്തുകൊണ്ട് ആപുണ്യവാന്റെ ആത്മാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ നമുക്ക് സങ്കേതപ്പെടുകയും ചെയ്യാം. (1951-ൽ പ്രസിദ്ധികരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)

## ജീവചരിത്ര ഗ്രന്ഥങ്ങൾ



| | | |
|---|---|---|
| 1. | ബഥേലിലെ താമര | എം.സി. കുര്യാക്കോസ് റമ്പാൻ |
| 2. | അർച്ചന | ഡോ. കെ.എം. തരകൻ |
| 3. | പുത്തൻകാവിൽ കൊച്ചുതിരുമേനി | കെ.വി. മാമ്മൻ |
| | കാതോലിക്കേറ്റിന്റെ കരുത്തനായ വക്താവ് | അഡ്വ. പി.സി. മാത്യു |
| 4. | കാതോലിക്കേറ്റ് രത്നദീപം | കെ.വി. മാമ്മൻ<br>അഡ്വ. പി.സി. മാത്യു |
| 5. | മലങ്കരസഭയുടെ മഹത്വമുള്ള സൈത്ത് | ഫാ. മാത്യു കോശി |
| 6. | മലങ്കര സഭയുടെ യുഗശില്പി | ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ |
| 7. | പുത്തൻകാവ് കൊച്ചുതിരുമേനി (English) | ജോസ് കുര്യൻ, പുലിയേരിൽ |
| 8. | പുത്തൻകാവിൽ കൊച്ചുതിരുമേനി | ഫാ. എ.എം. വർഗീസ് പറന്തൽ |

കാതോലിക്കേറ്റ് രത്നദീപം സുവിനീറിന് ഈ പുസ്തകങ്ങളോട് കടപ്പാട്



The Most Reverend
MAR PHILOXENOS, M. A., B. D.
Metropolitan.

St. Mary's Church,
Puthencavu, Chengannur.
16-4-54

My Dear Chummachen,

ദൈവം അനുഗ്രഹിക്കട്ടെ.
Mar Philoxenos

പുത്തൻകാവിൽ കൊച്ചുതിരുമേനി അവസാനമായി എഴുതിയ കത്ത്

# ബഥേലിലെ ബാലസിംഹം



ഫാ.ഡോ. സി.റ്റി. ഈപ്പൻ
എം.എ.പി.എച്ച്.ഡി.

(വൈദീകനാകുന്നതിന് മുമ്പ് 1951-ൽ മാർ പീലക്സിനോസ് സുവനീറിൽ എഴുതിയ ലേഖനം. ഫാ. ഡോ. സി.റ്റി. ഈപ്പൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ശാസ്താംകോട്ടയിൽ 100 ഏക്കർ ഭൂമി സംഭാവന നൽകിയ സഭാസ്നേഹിയാണ്)

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ 51-ാ മതു വാർഷീക സമ്മേളനം ചെങ്ങന്നൂർ വെച്ച് ഏപ്രിൽ 18-ാം തീയതി ഡോക്ടർ എച്ച്.സി. മുക്കർജിയുടെ അദ്ധ്യക്ഷതയിലും, ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. ടാണ്ഡന്റെ സാന്നിദ്ധ്യത്തിലും നടത്താൻവേണ്ട ഏർപ്പാടുകൾ കാലേകൂട്ടി ചെയ്തിരുന്നു. ആയതിനു വേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിന് ഞാൻ തലേദിവസം ചെങ്ങന്നൂർക്ക് പുറപ്പെട്ടു. അവിടെ ആഗതനായയുടനെ ആദ്യം കേട്ട സംഗതി, വളരെ ഉൽക്കണ്ഠാപൂർവ്വം കാത്തിരുന്ന സമ്മേളനം നടക്കുകയില്ലെന്നായിരുന്നു. അതിന്റെ കാരണമായി കേട്ട വാർത്ത മാർ പീലക്സീനോസ് തിരുമേനിയുടെ ചരമമായിരുന്നു. നട്ടുച്ചയ്ക്ക് വെട്ടിയ വെള്ളിടിപോലെ എന്നെ ഞെട്ടിച്ചു. ആ വാർത്ത പെട്ടെന്ന് വിശ്വസിക്കാൻ പ്രയാസമായിരുന്നു. അഞ്ചാറു മേൽപ്പട്ടക്കാരുള്ളവരിൽ ഏറ്റവും പ്രായം കുറവും, അസാധാരണ ഊർജ്ജസ്വലതയും ഉള്ള ആൾ എങ്ങിനെ ആദ്യം മരിക്കും ? സഭ ഒരു വിഷമഘട്ടത്തിലൂടെ ത്വരിതഗതിയിൽ പ്രയാണം ചെയ്യുമ്പോൾ ഓടിനടന്നു ജോലിചെയ്യുവാൻ കഴിവുള്ള ഒരാൾ കാലയവനികക്കുള്ളിൽ തിരോധാനം ചെയ്താൽ എങ്ങിനെ സഭാകാര്യങ്ങൾ മുമ്പോട്ടു ഗമിക്കും? ദൈവവിചാരണ പലപ്പോഴും മനുഷ്യബുദ്ധിക്കതീതമാണ്. ദൈവം സ്നേഹിക്കുന്നവർ വേഗം മരിക്കുമെന്നുള്ള പറച്ചിൽ അർത്ഥസമ്പൂർണ്ണമാണെന്ന് ബോദ്ധ്യപ്പെട്ടു.

പീലക്സീനോസ് തിരുമേനിയും, ഞാനും സഹപാഠികളും, ഏകദേശം സമപ്രായക്കാരുമാണ്. കഴിഞ്ഞ മൂന്നു വ്യാഴവട്ടക്കാലമായി അദ്ദേഹത്തോടടുത്തു പെരുമാറുന്നതിനുള്ള അവസരം എനിക്ക് സുലഭമായി ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ടുമൂന്നു സ്വഭാവവിശേഷങ്ങൾ എന്നെ പ്രത്യേകം സ്പർശിച്ചിട്ടുണ്ട്. ഒന്നാമത്തേത്, സന്ദർഭോചിതമായി പെരുമാറുന്നതിനുള്ള അദ്ദേഹത്തിന്റെ വലിയ കഴിവാണ്. ഏബ്രഹാം മാർത്തോമ്മാമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കാലംചെയ്തു. മാർത്തോമ്മാസഭയിലെ രണ്ടു കൊച്ചുമെത്രാപ്പോലീത്തമാരും അപ്പോൾ സ്ഥലത്തില്ലായിരുന്നു. മരണവാർത്ത കേട്ട ഉടനെത്തന്നെ നമ്മുടെ സ്മര്യപുരുഷൻ സ്ഥലത്തെത്തുകയും, ശവസംസ്ക്കാരശുശ്രൂഷയുടെ പ്രാരംഭചടങ്ങുകൾ നിർവ്വഹിക്കുകയും ചെയ്തു. ഇത് ചരിത്രം നിർമ്മിക്കുന്ന ഒരു സംഭവമായിരുന്നു. യാക്കോബായ മെത്രാന്മാർ മാർത്തോമ്മാ മെത്രാന്മാരെ സന്ദർശിക്കുകയോ, കുശലം പറയുകയോ ചെയ്യുന്ന ഒരു രീതിതന്നെ അടുത്ത കാലംവരെ അത്ര സാധാരണമായിരുന്നില്ല. രണ്ടുപേരും ഒരു ഗോത്രവഴിക്കാരണെന്നുള്ള മറവിലാണ്, അഥവാ ചില മാർത്തോമ്മാക്കാർക്ക് രസിക്കാൻ ഇടയില്ലാത്തതും, യാക്കോബായ മെത്രാന് കാനോനികമായി ചെയ്യാൻ അവകാശമില്ലാത്തതുമായ ഒരു കൃത്യം ചെയ്യുന്നതിനാണ് മുതിർന്നത്. ഏലിയാസ്സ് ബാവാതിരുമനസ്സുകൊണ്ട് കാലംചെയ്തപ്പോഴും ആദ്യം അവിടെ ഓടിയണഞ്ഞവരിൽ ദ്വിതീയൻ മാർ പീലക്സീനോസ് തിരുമേനിയായിരുന്നു. സാധാരണ അദ്ദേഹം ആലുവായിൽകൂടെ കടന്നുപോകുന്ന അവസരങ്ങളിലെല്ലാം തൃക്കുന്നത്തു സെമിനാരിൽ ചെന്ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണുകയും, കുശലപ്രശ്നങ്ങൾ ചെയ്യുകയും പതിവാണ്. ഈ അവസാനയാത്രയിലും ഈ സൗഹൃദ സന്ദർശനം നടത്തിയതായിട്ടാണറിവ്. ഇവർ തമ്മിൽ ആത്മാർത്ഥമായ സ്നേഹം പുലർത്തിപ്പോന്നുവെന്നും കേട്ടിട്ടുണ്ട്.

ധീരനും, കർമ്മയോഗിയുമായ മാർ പീലക്സീനോസ് തിരുമേനിക്ക് സേവനത്തിനുള്ള അവസരം കിട്ടിയാൽ കക്ഷിനോക്കുക പതി

വില്ല. അദ്ദേഹം വടക്കൻ തിരുവിതാംകൂർ സന്ദർശിച്ച ഒരവസരത്തിൽ, വടക്ക് നമുക്കുള്ള പള്ളിക്കൂടങ്ങളുടെ അഭാവത്തെ മനസ്സിലാക്കിയിട്ടാണ് കോതമംഗലം മാർ ബേയ്സിൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് തൽഭാരവാഹികളെ പ്രോത്സാഹിപ്പിക്കുകയും, സ്കൂളിന്റെ അനുവാദം വാങ്ങിക്കുന്നതിനുള്ള പ്രധാന ചുമതല സ്വയം കൈവരിക്കുകയും ചെയ്തു. ബാവാകക്ഷിയിലുള്ള എത്ര ശെമ്മാശ്ശന്മാരാണ്, തിരുമേനിക്ക് സ്വാധീനമുള്ള പല കോളജുകളിലും അദ്ദേഹത്തിന്റെ ശുപാർശകത്തുകളോടു കൂടെ പ്രവേശനം വാങ്ങിയിട്ടുള്ളത്. മദ്ധ്യതിരുവിതാംകൂറിൽ ഒരു കോളജ് ആരംഭിക്കുന്നതിനും അദ്ദേഹം മുന്നിട്ടുനിന്നാണ് പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളത്.

എന്നെ ഹഠാദാകർഷിച്ചിട്ടുള്ള അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വേറൊരു ഗുണം കർമ്മകുശലതയാണ്. ലോകത്തിൽ ഇപ്പോൾ രണ്ടു തരം ആത്മീയ മനുഷ്യരെയാണ് കാണുന്നത്. ഒരു കൂട്ടർ പ്രാർത്ഥന സജ്ജീവ പ്രവർത്തനത്തിന് തുല്യമായി കരുതുന്നു. ഇക്കൂട്ടത്തിലാണ് നമ്മുടെ ദയറായക്കാരും, മെത്രാച്ചന്മാരും ഉൾപ്പെടുന്നത്. വേറൊരു കൂട്ടർ പ്രവൃത്തി തന്നെ പ്രാർത്ഥനയാണെന്നു കണക്കാക്കുന്നു. ഈ ബോദ്ധ്യം കൂടുതൽ പ്രകടമായിട്ടുള്ളത് പാശ്ചാത്യപ്രോട്ടസ്റ്റന്റുകാരുടെ ഇടയിലാണ്. നമ്മുടെ തിരുമേനി ഈ രണ്ടാമത്തെ കൂട്ടത്തിലേർപ്പെട്ട ആളാണ്. ചിലപ്പോൾ അദ്ദേഹം പ്രാർത്ഥനയുടെ സമയം തെറ്റിച്ചുവെന്നു വന്നേക്കാം. എങ്കിലും രാത്രിയുടെ നിശ്ശബ്ദതയിൽ ദൈവവുമായി സംസർഗ്ഗം ചെയ്യുന്ന രീതി അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് അടുത്തു പെരുമാറിയിട്ടുള്ളവർക്കറിയാവുന്നതാണ്. പ്രവർത്തി പ്രാർത്ഥനയ്ക്കു തുല്യമാണെന്നദ്ദേഹം വിശ്വസിച്ചു. പള്ളിയിൽ ചെന്നാൽ മെത്രാച്ചന്മാർ സാധാരണ ഏർപ്പെടാത്ത സംഗതികളിൽ അദ്ദേഹം വ്യാപൃതനാകും. വിരികൾ നേരെയിടുക, മെഴുകുതിരികാലുകൾ ക്രമമായിവെക്കുക, മറവലിക്കുക, കസേരകൾ, പീഠങ്ങൾ മുതലായവ യഥാസ്ഥാനങ്ങളിലാക്കുക "കർത്താവെ പ്രാർത്ഥന കേട്ടു" എന്നുള്ളതു ചൊല്ലികൊടുക്കുക മുതലായ ശുശ്രൂഷകരുടെ ജോലികൾ അദ്ദേഹം ഏറ്റെടുക്കും. ഒരിക്കൽ വിദ്യാർത്ഥി സമ്മേളനത്തിന് കുട്ടികൾ തിരുമൂലയിൽ കൂടി. തിരുമേനി സഹജമായ തന്റെ ഈ ജോലികൾ മുറക്ക് ചെയ്തുകൊണ്ടിരുന്നു. മെത്രാന്റെ സ്ഥാനത്തിനു പോരാത്തതാണിതെന്നു കുട്ടികൾക്ക് തോന്നിയിട്ട് ഒരു ഡപ്യൂട്ടേഷൻവഴി ഈ വിവരം തിരുമേനിയെ അറിയിച്ചു. ഡപ്യൂട്ടേഷന്റെ നിർദ്ദേശം തിരുമേനിയിൽ എന്തു വ്യത്യാസം വരുത്തിയെന്നു നിശ്ചയമില്ല. പ്രവർത്തനം അദ്ദേഹത്തിന് പ്രാർത്ഥന തന്നെയായിരുന്നു.

ഏതു ജോലിയിൽ ഏർപ്പെട്ടാലും മന്ദഗതി അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. കുറേ വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിനുണ്ടായിരുന്ന ഒരു പഴയ കാറിൽ തിരുവനന്തപുരത്തുനിന്നും സ്വദേശത്തേക്കു പോരുന്നതിനദ്ദേഹം എന്നെക്കൂടി ക്ഷണിച്ചു. കാറിൽ കയറിയതും, കാർ ഒരമ്പതുമൈൽ സ്പീഡിൽ പ്രയാണം ചെയ്യാൻ തുടങ്ങിയതും ഒന്നിച്ചു കഴിഞ്ഞു, ഈ വേഗത വഹിക്കാനുള്ള ശക്തി ആ കാറിനുണ്ടോയെന്ന് ഞാൻ സംശയിക്കാൻ തുടങ്ങി. പൊയ്ക്കൊണ്ടിരുന്ന സ്പീഡുകൊണ്ടു തൃപ്തിപ്പെടാതെ പിന്നെയും സ്പീഡ് കൂട്ടുവാൻ ഉത്തരവായി. ഭയവിഹ്വലനായ ഞാൻ കാറിൽ നിന്നിറങ്ങിയാലെന്താണെന്നുതന്നെ വിചാരിച്ചു. ഒരു മെത്രാച്ചനോടുകൂടി മരിക്കേണ്ടിവന്നാൽ ഭാഗ്യമാണെന്നു വിചാരിച്ചു മാത്രം ഞാൻ യാത്ര തുടർന്നുവെന്നേയുള്ളു. ഏതു സംഗതിയിലേർപ്പെട്ടാലും ത്വരിതഗതിയിൽ പുരോഗമിക്കണമെന്നുള്ളത് അദ്ദേഹത്തിന്റെ സിദ്ധാന്തമായിരുന്നു. മെത്രാച്ചന്മാർ കായികവേലകളിൽ ഏർപ്പെടരുതെന്നുള്ള അഭിപ്രായത്തിനു തിരുമേനി അനുകൂലിയായിരുന്നില്ല. മസ്നപ്സായോടുകൂടെ ബാഡ്മിന്റൻ, വോളി, ഫുട്ബോൾ മുതലായവ കളിക്കുമായിരുന്നു. കായലിൽ നീന്താനുള്ള താൽപര്യത്തിന് ഒന്നുരണ്ടു പ്രാവശ്യം ശാസ്താംകോട്ടതന്നെ വന്നിട്ടുണ്ട്. നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടംപണികളിലും മറ്റും കഴിവുള്ള സഹായങ്ങൾ ചെയ്യുന്നതിൽ അതീവതൽപരനായിരുന്നു. മാക്കാംകുന്നു സ്കൂൾ ആരംഭിച്ച ഘട്ടത്തിൽ പല അവസരങ്ങളിലും ഓടു പെറുക്കികൊടുക്കുക, പുരപ്പുറത്തു കയറി ഓടിടുക മുതലായ ജോലികൾ ചെയ്ക സാധാരണമായിരുന്നു. ഒരിക്കൽ ഒരു മാന്യപൗരൻ അദ്ദേഹത്തെ കാണാൻ മാക്കാംകുന്നു സ്കൂളിൽ എത്തി കൈകൾ രണ്ടും ഓടുകൾകൊണ്ട് നിറഞ്ഞിരുന്ന തിരുമേനി, കൈ മുത്താൻ അക്ഷമത കാണിച്ച സഭാഭക്തന് ഓട്ടുഭാരത്താൽ മടങ്ങിയിരുന്ന കൈ മുട്ടു നീട്ടികൊടുത്തു.

## തിരുവല്ലായിലെ ദുഃഖാചരണം

തിരുവല്ലാ, ഏപ്രിൽ 17

നി.വ.ദി.ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തതായി ഇന്നു രണ്ടരമണിക്ക മനോരമാ ആഫീസിൽ നിന്ന് അറിവു കിട്ടിയ ഉടൻ ഓർത്തഡോക്സ് സഭാ പള്ളികളിൽ കൂട്ടമണി അടിക്കുകയും വിവരമറിഞ്ഞ ഭക്തജനങ്ങൾ കറുത്ത ബാഡ്ജു ധരിച്ചു ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തു. (സ്വ. ലേ.)

## ചെങ്ങന്നൂരെ ദുഃഖാചരണം

ചെങ്ങന്നൂർ ഏപ്രിൽ 17

നി. വ. ദി. ശ്രീ. മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്തിരിക്കുന്നതായി ഇന്നു 12 മണിയോടുകൂടി കുന്നംകുളത്തുനിന്ന് ഇവിടെ കമ്പി കിട്ടിയതനുസരിച്ചു സ്ഥലത്തെ യാക്കോബായ–മാർത്തോമ്മാ സമുദായങ്ങളുടെ വക കടകൾ എല്ലാം അടച്ചു ദുഃഖം ആചരിച്ചിരിക്കുന്നു. ഇവിടെ നിന്നു പല പ്രമുഖ വ്യക്തികളും കുന്നംകുളത്തിനു പോയിട്ടുള്ളതായുമറിയുന്നു. (സ്വ. ലേ.)

## ഓർത്തഡോക്സ് സിറിയൻ പ്രോഗ്രസ്സീവ് പാർട്ടി

### വാർഷികദിനാഘോഷം

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഛായാപടം അനാച്ഛാദനം ചെയ്യുന്നു

കുന്നംകുളം സെ. 25

സ്ഥലം ഓർത്തഡോക്സ് സിറിയൻ പ്രോഗ്രസ്സീവ് പാർട്ടിയുടെ 6-ാമത്തെ വാർഷികദിനാഘോഷം പഴയപള്ളി പറമ്പിൽ സജ്ജീകരിച്ചിരിക്കുന്ന കാതോലിക്കാസ് നഗറിൽവെച്ച് ഒക്ടോബർ 21-ാനു- ഞായറാഴ്ച വിപുലമായ പരിപാടികളോടുകൂടി കൊണ്ടാടുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇതു പ്രമാണിച്ചു കൂടുന്ന സമ്മേളനത്തിൽവെച്ചു കാലംചെയ്ത മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഒരു എണ്ണച്ഛായ ചിത്രം അനാച്ഛാദനം ചെയ്യുന്നതായിരിക്കും.

പ്രവർത്തനം പ്രാർത്ഥനയ്ക്ക് തുല്യമെന്ന് ദൃഢമായി വിശ്വസിച്ച തിരുമേനിക്ക് ഇവയിലൊന്നും ലവലേശം സങ്കോചം തോന്നിയിരുന്നില്ല. ചെറുകാര്യങ്ങളിലെന്നപോലെ വലിയ കാര്യങ്ങളിലും അദ്ദേഹം കാര്യക്ഷമമായി പ്രവർത്തിച്ചു. ആവശ്യമുള്ള സംഗതികൾ തക്കസമയത്തു മനസ്സിലാക്കുന്നതിനും ആയത് സാധിക്കുന്നതിന് മലയും കാടും കടലും ചുറ്റിനടക്കുന്നതിനും അദ്ദേഹം ഉത്സുകനായിരുന്നു. “നല്ലവനും വിശ്വസ്തനുമായ ഭൃത്യാ നിന്റെ കൂലി വാങ്ങുക“ എന്ന് യജമാനനിൽ നിന്ന് കേൾക്കുവാൻ തക്കവണ്ണം ആത്മാർത്ഥതയോടെ അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ നേട്ടങ്ങളോ വലിയവയുമാണ്. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളും തിരുമേനിയുടെ പരിശ്രമത്തിന്റെ മകുടോദാഹരണങ്ങളാണ്. മലങ്കര സഭയിൽ ജീവകാരുണ്യ പ്രവർത്തികൾ വിരളമായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇരവിപേരൂർ സെന്റ് മേരീസ് ഹോസ്പിറ്റൽ അദ്ദേഹം ആരംഭിച്ചത്. അതു ഇന്നും നമ്മുടെ നഗ്നതയെ മറക്കത്തക്കവണ്ണം സജ്ജീവ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ചെങ്ങന്നൂരെ ബഥേൽ ചാപ്പലും, അടൂരിനടുത്തുള്ള സെന്റ് ജോർജ്ജ് ചാപ്പലും തിരുമേനിയുടെ ആരാധനാ സ്ഥലനിർമ്മാണത്തിലുള്ള വ്യുൽപ്പത്തിയത്രേ സൂചിപ്പിക്കുന്നത്. തുമ്പമൺ ഇടവക മിഷ്യൻ, മർത്തമറിയം വനിതാസമാജം, മുതലായവ അദ്ദേഹത്തിന്റെ ഇതരപ്രവർത്തനഫലങ്ങളാണ്.

പ്രവർത്തനത്തിനിറങ്ങിയാൽ മെത്രാന്മാരുടെ പാരമ്പരാഗതമായ അന്തസ്സും, പ്രൗഢിയും പാലിക്കണമെന്നദ്ദേഹത്തിന് തീരെ വിചാരമില്ലായിരുന്നു. എത്ര സാധാരണമായിട്ടാണ് വാടകബസ്സുകളിൽ അദ്ദേഹം യാത്ര ചെയ്തിട്ടുള്ളത്. ചില അവസരങ്ങളിൽ ട്രാൻസ്പോർട്ടു ബസ്സിൽ തൂങ്ങിയും യാത്ര ചെയ്തിട്ടുണ്ട്. ചില കാര്യങ്ങൾക്കുവേണ്ടി ഗവൺമെന്റാഫീസുകളുടെ മുന്നിലും അദ്ദേഹം കാത്തുകിടന്നിട്ടുണ്ട്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വേറൊരു ഗുണം അഭിപ്രായദാർഢ്യമാണ്. ഒരു സംഗതി ഉറച്ചാൽ അതിൽനിന്ന് പിന്മാറ്റമില്ല. ആകാശമോ, ഭൂമിയോ ആരുതന്നെ എതിർത്താലും വ്യതിയാനമില്ല. ഇതു ചിലപ്പോൾ അദ്ദേഹത്തിന് ശത്രുക്കളെ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇതദ്ദേഹത്തിന്റെ വിജയരഹസ്യവുമായിരുന്നു. വട്ടശ്ശേരി തിരുമേനിയോടായാലും, ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനിയോടായാലും ഉള്ള അഭിപ്രായം തുറന്നുപറയാൻ ധൈര്യമുള്ള ആളുകൾ വേറെ ഉണ്ടെന്നു തോന്നുന്നില്ല.

ചിലപ്പോൾ ഈ അഭിപ്രായ ധീരത ഒരു ബലഹീനതയായി ചിലർക്കു തോന്നിയിരിക്കാമെങ്കിലും പരിശുദ്ധ പൗലുസ്സിനെപ്പോലെ ആ ബലഹീനത അദ്ദേഹത്തിന്റെ ശക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ പല നേട്ടങ്ങളും ഇതുകൊണ്ടു സാധിച്ചതാണ്.

അദ്ദേഹത്തിന്റെ നൈസർഗ്ഗീകമായ പല ഗുണങ്ങളും ഒരിക്കലും മറക്കത്തക്കവയല്ല. അദ്ദേഹത്തെ സ്വർണ്ണനാവുള്ള മാർ പീലക്സീനോസ്സ് എന്ന് പറയപ്പെടാവുന്നതാണ്. സംഗീതത്തിലുള്ള അദ്ദേഹത്തിന്റെ വാസനയും മഹത്തരമായിരുന്നു മാർ അപ്രേമിനെപ്പറ്റി പറയാറുള്ളതുപോലെ അദ്ദേഹത്തെ പറ്റിയും സുറിയാനിസഭയുടെ ഓടക്കുഴൽ എന്നു പറയാവുന്നതാണ്. മലങ്കരസഭയിലെ ഒരു അനുഗ്രഹീതനായ യോദ്ധാവു വീണുപോയിരിക്കുന്നു. ഇതുപോലെയുള്ള അനേക സന്താനങ്ങളെ സഭയിൽ ഉയർത്തേണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.
(1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്തത്)

ECCLESIASTICAL HEADS OF THE CHURCHES IN KERALA.
Who Met At a party at the Anglican Bishop's House, Kottavam.
In Honour of his Grace Dr. Foss Westcott On 6-10-1945.



## പുത്തൻകാവിൽ കൊച്ചുതിരുമേനി

# ഞങ്ങളുടെ കാണപ്പെട്ട ദൈവം

ഇന്നത്തെ ബഥേൽ പള്ളി ഇരിക്കുന്ന സ്ഥലം പുറമ്പോക്ക് ഭൂമി ലേലത്തിൽ വാങ്ങിയതാണ്. അന്ന് ആ ഭൂമി ചെങ്ങന്നൂർ ചന്തയിലേക്ക് സാധനങ്ങൾ കൊണ്ടുവരുന്ന വള്ളങ്ങൾ അടുക്കുന്ന സ്ഥലം ആയിരുന്നു. ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ കൂടിയിരുന്ന എന്റെ വല്യപ്പച്ചൻ ഉൾപ്പെടെ ഉള്ളവർ അവിടെ ഒരു ഷെഡ്ഡിൽ തിട്ടമേൽ പ്രാർത്ഥനയോഗം നടത്തിയിരുന്നു. സർ. സി.പി. യുടെ ഭരണകാലം 1938-ൽ പള്ളി തുടങ്ങാൻ സർ സി.പി. ക്ക് അപേക്ഷ നൽകി. അപേക്ഷ സർ സി.പി. തള്ളി എങ്കിലും സൺഡേസ്കൂൾ പ്രാർത്ഥനയോഗം എന്നിവ അവിടെ നടത്തിയിരുന്നു. 1942-ൽ പുത്തൻകാവിൽ കൊച്ചുതിരുമേനി ബഥേലിൽ താമസിക്കുവാൻ വന്നു. ആദ്യമായി ഒരു തിരുമേനി സാധരണക്കാരനെപ്പോലെ ജനങ്ങളുമായി ഇടപെട്ട് സൗഹാർദ്ദമായി പെരുമാറിയത് എല്ലാവരെയും ആകർഷിച്ചു. ചെങ്ങന്നൂരിലെ ഈഴവരും നായൻമാരും എല്ലാം തിരുമേനിയുടെ സ്നേഹിതരായി മാറി.

തിരുമേനി ബഥേലിൽ രണ്ട് ഷെഡ്ഡ് വച്ചു. ഒന്നിൽ തിരുമേനി താമസിച്ചു. മറ്റേതിൽ പ്രാർത്ഥന നടത്തുകയും വിശുദ്ധ കുർബ്ബാന ചൊല്ലുകയും ചെയ്തു. സർ സി.പി. യ്ക്ക് തിരുമേനി അനുവാദം കൂടാതെ പള്ളി സ്ഥാപിച്ചു എന്ന പരാതി ലഭിക്കുകയും അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ തഹസിൽദാർക്ക് ഉത്തരവ് നൽകുകയും ചെയ്തു.



ചെങ്ങന്നൂർ ബഥേൽ അരമന (ഭദ്രാസന കേന്ദ്രം)



പി.വി. ജോർജ്, പടിപുരയ്ക്കൽ
(റിട്ട. ഹെഡ്മാസ്റ്റർ
എം.എച്ച്.എസ്.എസ്. പുത്തൻകാവ്)



തഹസിൽദാർക്ക് വലിയം അധികാരം ഉള്ള കാലമായിരുന്നു അത്. തഹസിൽദാർ ഇന്നേദിവസം 10 മണിയ്ക്ക് അന്വേഷണത്തിന് തിരുമേനിയെ കാണാൻ വരുന്നു എന്ന നോട്ടീസ് ബഥേലിൽ ഉദ്യോഗസ്ഥർ കൊണ്ടുകൊടുത്തു. തിരുമേനിയെ പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോകുമെന്ന വലിയ ഭീതി ജനങ്ങളിൽ ഉണ്ടായി. ജീവൻപോയാലും തിരുമേനിയെ പോലിസിന് വിട്ടുകൊടുക്കുകയില്ലായെന്ന് ജനങ്ങൾ തീരുമാനിച്ചു. തെളിവ് എടുപ്പ് ദിവസത്തിൽ രാവിലെ തന്നെ വലിയ സംഘം പോലീസ് ബഥേലിന് ചുറ്റും നിന്നു. തിരുമേനിയുടെ സ്നേഹിതരായ ഈഴവർ ഉൾപ്പെടെ വലിയ ജനക്കൂട്ടം ബഥേലിൽ തടിച്ചുകൂടി. എന്തും സംഭവിക്കാവുന്ന സാഹചര്യം. കൃത്യം 10 മണിയ്ക്ക് തഹസിൽദാർ കാറിൽ ബഥേലിൽ എത്തി. തിരുമേനി ഇറങ്ങിവന്ന് തഹസിൽദാരെ സ്വീകരിച്ചു. നായർ സമുദായത്തിൽപ്പെട്ട തഹസിൽദാർ തിരുമേനിയെ കണ്ട ഉടനെ തിരുമേനിയുടെ കൈമുത്തി. ഇത് കണ്ട ജനങ്ങൾക്ക് സമാധാനമായി. അര മണിക്കൂർ തിരുമേനിയുമായി സംസാരിച്ച് തഹസിൽദാർ റിപ്പോർട്ട് തയ്യാറാക്കി. ബിഷപ്പ് താമസിക്കുന്ന സ്ഥലത്ത് സാധാരണ നടത്തേണ്ട പ്രാർത്ഥനകളും വിശുദ്ധ കുർബാനയും ആണ് നടത്തിയതെന്നും അതിൽ പങ്കെടുക്കുവാൻ സമീപവാസികളായ ജനങ്ങൾ വന്നുവെന്നേയുള്ളുവെന്നും ഉള്ള തയ്യാറാക്കിയ റിപ്പോർട്ട് തിരുമേനിയെ വായിച്ച് കേൾപ്പിച്ച് തഹസിൽദാർ പോയി. അങ്ങനെ ബഥേൽ ഒരു ദേവാലയമായി രൂപാന്തരപ്പെട്ടു. ഒരിക്കൽ തിരുമേനി ബഥേലിൽ നിന്ന് കാറിൽപോയപ്പോൾ ചെങ്ങന്നൂർ ടൗണിൽ എസ്.ഐ. തിരുമേനിയുടെ കാർ തടഞ്ഞു. രോക്ഷാകുലരായ ജനങ്ങൾ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും തിരുമേനി കാറിൽ നിന്ന് ഇറങ്ങി ജനങ്ങളെ ശാന്തരാക്കുകയും ചെയ്തു എസ്.ഐ. തിരുമേനിയോട് ക്ഷമ പറയുകയും ചെയ്തു.

പുത്തൻകാവിൽ കൊച്ചുതിരുമേനി വലിയ ത്യാഗങ്ങൾ സഹിച്ച് സ്ഥാപിച്ച മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ 1950-ൽ അധ്യാപകനായി തിരുമേനിയോടൊപ്പം പ്രവർത്തിക്കുവാൻ സാധിച്ചത് വലിയ അനുഗ്രഹമായി ഞാൻ കരുതുന്നു. തിരുമേനിയുടെ ശിഷ്യൻ പി.ജി. ജോർജ് അച്ചൻ ആണ് എനിക്ക് അധ്യാപക ജോലിയ്ക്ക് അവസരം നൽകിയത്.പുത്തൻകാവിൽ കൊച്ചു തിരുമേനിയാണ് എന്നെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കയറ്റിയത്. 6 തുബ്ദേനുകൾ കാണാപാഠം പഠിച്ച് ചൊല്ലി കേൾപ്പിച്ചാൽ മാത്രമേ മദ്ബഹായിൽ കയറ്റുകയുള്ളുവെന്ന് തിരുമേനി പറഞ്ഞു. ഞാൻ അങ്ങനെ തന്നെ ചൊല്ലി കേൾപ്പിക്കുകയും തിരുമേനി എന്നെ മദ്ബഹായിൽ കയറാൻ കൈവെയ്പ് നൽകുകയും ചെയ്തു.

പുത്തൻകാവിൽ കൊച്ചുതിരുമേനി ലോകത്തിലെ ഞങ്ങളുടെ കാണപ്പെട്ട ദൈവം ആയിരുന്നു. ഇന്നും ഞങ്ങൾക്കുവേണ്ടി മധ്യസ്ഥത പ്രാർത്ഥന നടത്തുന്ന, അനുഗ്രഹങ്ങൾ ചൊരിയുന്ന പരിശുദ്ധ പിതാവാണ്.




ചെങ്ങന്നൂർ ബഥേൽ പള്ളി



ദിവശ്രീ എം.എ.
തോമസ് കശീശാ ബി.എ.,
(പുത്തൻകാവ് മതിലകം മർത്തോമ്മ പള്ളി
സഹവികാരിയായിരുന്നപ്പോൾ എഴുതിയ ലേഖനം
പിന്നീട് മർത്തോമ്മാ സഭയുടെ പ്രഗത്ഭനായ
വൈദികനായി പ്രവർത്തിച്ചു. )

# ചില ഓർമ്മക്കുറിപ്പുകൾ

തിരുമേനിയെപ്പറ്റിയുള്ള സ്മാരക ഗ്രന്ഥത്തിൽ ഒരു ലേഖനം എഴുതുന്നതിന് ആവശ്യപ്പെട്ടത് ഒരു ബഹുമാന്യപദവിയായിതന്നെ ഞാൻ കരുതുന്നു. പക്ഷെ അതിനുദ്യമിക്കുക; അത് അത്ര ലഘുസാധ്യമല്ല. കാരണം കാലയവനികയ്ക്കുള്ളിൽ അദ്ദേഹം മറഞ്ഞു എന്ന മർമ്മഭേദകമായവാർത്ത വിശ്വസിക്കുന്നതിന് ഇന്നും ഞാൻ അശക്തനാണ് എന്നുള്ളതത്രെ. തിരുവല്ലായിലുള്ള വനിതാമന്ദിരത്തിൽവെച്ച് അഖിലേന്ത്യാ... ക്രിസ്ത്യൻ മൂവ്മെന്റിന്റെ കേരളാപ്രവിശ്യയുടെ അദ്ധ്യയന സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന വേളയിൽ - ഒരു ദിവസം സന്ധ്യാസമയത്ത് - ആരോവന്ന് എന്നോടു പറയുന്നു, പുത്തൻകാവിലെ തിരുമേനി കാലംചെയ്തു എന്ന്. എന്ത്? തിരുമേനിയോ!! തിരുമേനിയുടെ വടക്കൻയാത്രയ്ക്ക് കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഞാൻ ആ വന്ദ്യപുരുഷനെ സന്ദർശിച്ച് പലകാര്യങ്ങളെപ്പറ്റി ചർച്ചചെയ്തപ്പോൾ ഈവിധം കർണ്ണശല്യമായ ഒരു വാർത്ത ഇത്രക്ഷണം ശ്രവിക്കേണ്ടി വരുമെന്ന് ആരുകരുതി!

ഇത്; തിരുമേനിയുടെ ഗുണഗണങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു ലേഖനമല്ല. ചില ഓർമ്മക്കുറിപ്പുകൾ മാത്രം. ഓർമ്മയുടെ പേജുകൾ ഓരോന്നായി മറിക്കുമ്പോൾ അവിടവിടെയായി വലിയ അക്ഷരത്തിൽ കാണുന്ന ചില സംഗതികളുടെ പകർപ്പവകാശം ഇങ്ങുവാങ്ങിയെന്നേയുള്ളു. തിരുമേനിയും ഞാനുമായി ദീർഘകാല പരിചയമില്ല. 1928-ൽ എന്റെ സ്വദേശമായ അയിരൂർ ഉള്ള എം.റ്റി.ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ഞാൻ ഒരു തേഡ്ഫോറം വിദ്യാർത്ഥിയായിരിക്കുമ്പോൾ, ഞങ്ങളുടെ ഇംഗ്ലീഷ് അധ്യാപകൻ ഒരുദിവസം തിരുമേനിയെ (അന്ന് മെത്രാപ്പോലീത്ത് ആയിട്ടില്ല) ക്ലാസ്സിലേക്കു ക്ഷണിച്ചുവരുത്തുകയും ഒരു മാതൃകാ ഇംഗ്ലീഷ് പാഠം എടുപ്പിക്കുകയും ചെയ്തു. Love എന്ന പദം എങ്ങനെയാണ് ശരിയായി ഉച്ചരിക്കേണ്ടത് എന്ന് അന്നു തിരുമേനി പറഞ്ഞുതന്നത് ഇന്നും ഞാൻ മറന്നിട്ടില്ല. ഇംഗ്ലീഷ് പദ്യകഥനത്തിൽ അദ്ദേഹം പ്രകടിപ്പിച്ച അനന്യസാധാരണമായ ഉച്ചാരണശുദ്ധി, ശബ്ദമാധുര്യം ഇവ വിദ്യാർത്ഥികളായ ഞങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു. എത്രനല്ല ഒരദ്ധ്യാപകൻ! അദ്ദേഹത്തിന്റെ സഹഅദ്ധ്യാപകരിൽനിന്നും, വിദ്യാർത്ഥികളിൽനിന്നും ഈ സ്തുതി ഇന്നും കേൾക്കുന്നതിനു സാധിക്കും. അടുത്തകാലത്ത് തിരുമേനി എന്നോടു സന്ദർഭവശാൽ പറഞ്ഞ ഒരു കാര്യം ഞാൻ ഇപ്പോൾ ഓർക്കുന്നു; തിരുമേനിയുടെ നിറവും, ശബ്ദവും കാതോലിക്കാബാവാതിരുമേനിക്കു ഇഷ്ടമാണെന്ന് പറയാറുണ്ടായിരുന്നു എന്ന്. ഒരു വർഷം മുമ്പ് പുത്തൻകാവ് മാർത്തോമ്മാ പള്ളിയിൽ സഹായപട്ടക്കാരനായി വന്നശേഷം മാത്രമാണ്, തിരുമേനിയുമായി വളരെ അടുത്ത് ഇടപെടുവാൻ എനിക്ക് സാധിച്ചത്. ഒരു പ്രാവശ്യം തിരുമേനിയുമായി സമയം ചിലവഴിച്ചാൽ വീണ്ടും അദ്ദേഹത്തിന്റെ സന്നിധിയിലെത്താൻ ആഗ്രഹിക്കും. അത് എന്റെ അനുഭവമാണ്. തിരുമേനിയുടെ ചില രഹസ്യങ്ങളുടെ ഉള്ളറകൾ അപരിചിതനായ എന്നെ പ്രഥമസന്ദർശന വേളയിൽതന്നെ തുറന്നു കാണിച്ചു. എങ്ങനെയാണ് തിരുമേനിയോട് ഭക്തിയും, സ്നേഹവും തോന്നാതിരിക്കുക! അടിത്തിടപെടുന്ന മനുഷ്യരുടെ ഹൃദയങ്ങളെ കവർന്നെടുക്കുന്നതിന് സ്മര്യപുരുഷനു അസാധാരണ ചാതുര്യം ഉണ്ടായിരുന്നു. പഴഞ്ചൊല്ലുകൾ ഫലിതങ്ങൾ ഇവ ധാരാളമായി ഒത്തിണങ്ങിയ സംഭാഷണരീതി എന്നെ പൊട്ടിച്ചിരിപ്പിക്കാതെ വിട്ടിട്ടില്ല. എന്റെ തോളിൽ കൈയ്യുമിട്ടുകൊണ്ട്, തന്റെ മുറിയിലും വരാന്തയിലും ഉലാത്തികൊണ്ട്, സ്നേഹപുരസ്സരം എനിക്ക് നിൽകീട്ടുള്ള സദുപദേശങ്ങൾ എങ്ങനെ വിസ്മരിക്കുവാൻ കഴിയും. സഭകളുടെ പുനരൈക്യത്തിൽ അതിയായി വിശ്വസിക്കുന്ന എന്റെ ചിന്താഗതി തിരുമേനിക്ക് ഹൃദ്യമായിരുന്നു. യാക്കോബായ, മാർത്തോമ്മാസഭകൾ തമ്മിൽ യോജിക്കേണ്ടതു ആവശ്യമാണെന്ന് തിരുമേനി ദൃഢമായി വിശ്വസിച്ചിരുന്നത് സംഭാഷണങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. വേദശാസ്ത്രപരമായ വിഷയങ്ങൾ പഠിക്കുന്നതിനായി ഈ അടുത്തകാലത്തു രൂപീകൃതമായ കേരളതീയോളജിക്കൽ

സ്റ്റഡിഗ്രൂപ്പിന്റെ ഭാവിപ്രവർത്തന പരിപാടിയെപ്പറ്റിയുള്ള ആലോചനയിൽ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ തിരുമേനി ഒരു നല്ല സ്ഥാനം അർഹിക്കുന്നു. ചിങ്ങവനം സമ്മേളനത്തിനുശേഷം അദ്ദേഹത്തിന്റെ പ്രശസ്തി വളരെ ഔന്നത്യനിലയിൽ എത്തി. സഭയിൽ ഐക്യം സാധിക്കുന്നതിനു അദ്ദേഹം എത്രകണ്ടു ആത്മാർത്ഥമായി പരിശ്രമിച്ചു. തിരുമേനിയുടെ നേട്ടങ്ങളിൽ മാഹാത്മ്യം ഏതിനാണ് എന്ന് പലരും വിഭിന്നാഭിപ്രായങ്ങൾ പുറപ്പെടുവിച്ചേക്കാം. തിരുമേനി സ്ഥാപിച്ചിട്ടുള്ള ഹൈസ്കൂളുകളാണെന്നു ചിലരും, ഇതരസ്ഥാപനങ്ങളാണെന്നു മറ്റുചിലരും പറഞ്ഞേക്കാം. ഇതൊന്നുമല്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അഭ്യസ്തവിദ്യരായ ഒരുകൂട്ടം ചെറുപ്പക്കാരെ തേടിപിടിച്ച് ഓരോ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു എന്നുള്ളതാണ് തിരുമേനിയുടെ വലിയനേട്ടം. തിരുമേനി തുടങ്ങിയ ജോലികൾ തുടരേണ്ടത് അവരാണ്. ചെറിയ ചെറിയ സന്യാസിസംഘങ്ങൾ (Communities) തുടങ്ങി സഭയെ ശക്തീകരിക്കുന്നതിനുള്ള തിരുമേനിയുടെ പരിശ്രമത്തിന്റെ മകുടോദാഹരണമത്രെ. സെന്റ് ബേയ്സിൽ സന്യാസിസംഘസ്ഥാപനം എത്ര വിദൂരവീക്ഷണത്തോടുകൂടിയാണ് അദ്ദേഹം അത് സ്ഥാപിച്ചിട്ടുള്ളത്. ഏതു സഭയുടെയും നിലനിൽപ്പിനു അത്യന്താപേക്ഷിതമായ ഒന്നത്രേ ഇതുപോലെയുള്ള ഒരു സ്ഥാപനം. അത് ഇനിയും വളർന്ന് ശക്തി പ്രാപിക്കേണ്ടിയിരിക്കുന്നു. റോമാസഭയുടെയും, ആംഗ്ലേയ സഭയുടെയും , ശക്തിയുടെ രഹസ്യ ങ്ങളിൽ ഒന്ന് സുസംഘടിതമായി നിസ്വാർത്ഥതയോടെ പ്രവർത്തിക്കുന്ന സന്യാസിസ്ഥാപന ങ്ങളത്രെ.

സഭയിലെ യുവജനങ്ങൾക്ക് ഒരു വിശാലവീക്ഷണം പ്രദാനംചെയ്യുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും തിരുമേനി ചെയ്തിട്ടുള്ള ശ്രമങ്ങൾക്ക് അനേകയുവജനങ്ങൾ സാക്ഷിനിൽക്കുന്നതാണ്. ഇക്കാര്യങ്ങൾ ഓർത്ത് പീസ്ലീഗുകാർ തിരുമേനിയെ മുക്തകണ്ഠം പ്രശംസിച്ചു. അദ്ദേഹം പുത്തൻകാവിൽ സ്ഥാപിച്ചിട്ടുള്ള മെട്രോപ്പോലീത്തൻ ഹൈസ്കൂളിലെ അനുശോചന യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. അവിടത്തെ വിദ്യാർത്ഥികളും അധ്യാപകരും വികാരവേശത്തോടെകൂടെ തിരുമേനി അവർക്കു നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളെപ്പറ്റി പ്രസ്താവിച്ചതും, മേൽപറഞ്ഞതിനു ഒരു തെളിവാണ്. കുട്ടികൾക്ക് വിശാലവീക്ഷണഗതിയുണ്ടാകുന്നതിനു സഹായകരമായ രീതിയിൽ, ഇംഗ്ലണ്ടിലെ ജീവിതരീതികളെപ്പറ്റി എനിക്കു പരിചയമായിട്ടുള്ള കാര്യങ്ങൾ അവരോടു പ്രസംഗിക്കുന്നതിനായി തിരുമേനി എന്നെ ഒരു ദിവസം നിർബന്ധമായി ക്ഷണിച്ചതും ഇതിനു മറ്റൊരുദാഹരണമത്രെ. പുത്തൻകാവ് ഓർത്തഡോക്സ് പള്ളിമുറ്റത്ത് ഉച്ചഭാഷിണികൾ ഘടിപ്പിച്ച് ഈ അടുത്തകാലത്ത് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൺവെൻഷൻ യോഗങ്ങൾ നടന്നുകൊണ്ടിരുന്നു. ദിവ്യശ്രീ കെ.എം. സൈമൺ ശെമ്മാശനായിരുന്നു, ഒരു രാത്രിയിലെ പ്രസംഗികൻ. എന്റെ സുഹൃത്തായ ശെമ്മാശ്ശന്റെ പ്രസംഗം കേൾക്കുന്നതിനു ഞാൻ പള്ളിയിലേക്കു ചെന്നപ്പോൾ യോഗം ഇനിയും ആരംഭിച്ചിട്ടില്ല. തിരുമേനി മേശ കഴിക്കയാണ്. കൽപ്പനപ്രകാരം ശെമ്മാശനും ഞാനും ഉപവിഷ്ടരായി. അന്നുരാത്രിയിൽ നടത്തേണ്ട കൺവൻഷൻ പ്രസംഗത്തെപ്പറ്റി ചർച്ച തുടങ്ങി. ശെമ്മാശൻ തന്റെ പ്രസംഗത്തിന്റെ സംക്ഷേപം അദ്ദേഹത്തെ അറിയിച്ചു. തിരുമേനി ചില നിർദ്ദേശങ്ങളും നൽകി. എല്ലാ ദിവസങ്ങളിലേയും പ്രാസംഗികന്മാർക്ക് ഇതുപോലെയുള്ള നിർദ്ദേശങ്ങൾ അദ്ദേഹം കൊടുത്തു കാണും എന്ന് ഞാൻ ഊഹിക്കുന്നു. തന്റെ ഭരണത്തിൻ കീഴിലുള്ള മഹായിടവകയുടെ വിവിധദുർഘട പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും, പല സ്ഥാപനങ്ങളും, സംഘടനകളും ആസൂത്രണം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നതും, ദ്രുതഗതിയിൽ പാഞ്ഞുകൊണ്ടിരിക്കുന്നതുമായ തിരുമേനിയുടെ മനസ്സിന് ആളുകൾ ശതക്കണക്കായി പള്ളിമുറ്റത്തു തടിച്ചുക്കൂടുന്ന ധൃതിക്കിടയിൽ അതിസാവധാനതയോടെ പ്രാസംഗികന്മാർക്ക് ചെറിയ ചെറിയ നിർദ്ദേശങ്ങൾ കൊടുക്കുവാൻ സാധിക്കുന്നത് എന്ന വളരെ അതിശയിപ്പിച്ചു.

തന്നെ തന്നെ ത്യജിച്ച് സ്വന്തം ആരോഗ്യത്തെ പലപ്പോഴും അവഗണിച്ച് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന് ഒരുമ്പെട്ടു എന്നുള്ളത് തിരുമേനിയെ സംബന്ധിച്ച് ഒരു യാഥാർത്ഥ്യം ആണ്. ഞാൻ ഒരു സംഭവമോർക്കുന്നു. കഴിഞ്ഞവർഷത്തിലെ ഒരു കാലവർഷ സമയം വെള്ളം നന്നായി പൊങ്ങിയിട്ടുണ്ട്. ബഥേലിന്റെ പടിക്കലും വെള്ളം എത്തിക്കഴിഞ്ഞു. ചെങ്ങന്നൂരും പുത്തൻകാവുമായുള്ള ഗതാഗതം തടസ്സപ്പെട്ടു. ഒരു പ്രത്യേകാവശ്യം പ്രമാണിച്ച് സ്പീക്കർ ശ്രീ. ടി. എം. വർഗ്ഗീസ് അവിടെയെത്തി തിരുമേനിയോടൊന്നിച്ച് രാപ്പാർക്കുന്നു. ക്ഷണമനുസരിച്ച് എനിക്കും അവിടെ ചെന്നെത്തേണ്ടിയിരുന്നു. രാത്രി ഒന്നരമണി സമയം... ഒരു വിധത്തിൽ ബഥേലിൽ ചെന്നുചേർന്നു. തിരുമേനി മാത്രം ഉറക്കമൊഴിഞ്ഞിരിക്കുന്നു. ... ഇതിനിടയിൽ ഞങ്ങളുടെ സുഖ സൗകര്യങ്ങൾ അന്വേഷിക്കുന്നുണ്ട്. ചില സുപ്രധാന കാര്യങ്ങൾ ആലോചിക്കുന്നതിനു മി. വർഗ്ഗീസിനേയുമുണർത്തി ചർച്ച തുടരുന്നു. തിരുമേനിയുടെ ത്യാഗസന്നദ്ധത നേരിട്ടറിയുന്നതിന് സാധിച്ച ഈ രംഗം ഒന്നു ചൂണ്ടിക്കാണിച്ചെന്നേയുള്ളു. തിരുമേനിയുടെ അതിഥിസൽക്കാരം പ്രിയം -അതു ചില അമ്മച്ചിമാരുടെ രീതിയാണ് - മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുമൊന്നിച്ച് മാവേലിക്കര നിന്നുള്ള മടക്കയാത്രയിൽ ബഥേൽ സന്ദർശനത്തിനിടയായി. തിരുമേനിമാർ സംഭാഷമത്തിനു പ്രവേശിച്ചു. കുറേ അധികം ഓറഞ്ചു തിരുമേനി മുറിയിൽ ഒരു ഭാഗത്ത് കൂട്ടിയിട്ടിരിക്കുന്നത് കണ്ടു. സംഭാഷണത്തിനിടയിൽ തിരുമേനി ഇത്രയധികം ഓറഞ്ചു കൂട്ടിഇട്ടിരുന്നാൽ ചീത്തയായി പോകുമല്ലോ എന്നു ഞാൻ പറഞ്ഞു. കൊള്ളാം.... ഓറഞ്ചു വേണം അല്ലെ എന്നു തിരുമേനി മറുപടിയായി കൽപ്പിച്ചപ്പോൾ എല്ലാവരുംകൂടി ചിരിച്ചു. ഞങ്ങൾ യാത്രയായ നേരം കയറിയിരുന്ന കാറിനുള്ളിലേക്ക് തിരുമേനി തന്നെ കുറെ ഓറഞ്ചു കൊണ്ടിട്ടു. മറ്റൊരുദിവസം പുത്തൻകാവ് ഹൈസ്കൂൾ വരാന്തയിൽ തിരുമേനിയുമായി ഞാൻ സംസാരിച്ചുകൊണ്ട് നിൽക്കുയാണ്. ഏതോ ഒരു സന്ദർശകൻ തിരുമേനിയുടെ കൈമുത്തിയ ശേഷം മൂന്നു ഓറഞ്ചുകൾ കൊടുത്തിട്ടു മടങ്ങിപ്പോയി. ഉടനെ അതിൽ ഒന്ന് എടുത്ത് എന്റെ കയ്യിൽ തന്നു. ഇത് ഒരു ചെറിയ സംഭവമാണ്. അതിന്റെ പുറകിലുള്ള സ്നേഹം ഒരിക്കലും മറക്കാൻ കഴിയില്ല.

എനിക്കിനിയും പലതും പറയുവാൻ ഉണ്ട്.അതിന് ഞാൻ ഒരുങ്ങുന്നില്ല. ഒരു സംഗതി .... തിരുമേനി വളരെ വ്യക്തിമാഹാത്മ്യമുള്ള ദേഹമായിരുന്നു.

> *അദ്ദേഹം പുത്തൻകാവിൽ സ്ഥാപിച്ചിട്ടുള്ള മെട്രോപ്പോലീത്തൻ ഹൈസ്കൂളിലെ അനുശോചന യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. അവിടത്തെ വിദ്യാർത്ഥികളും അധ്യാപകരും വികാരാവേശത്തോടെകൂടെ തിരുമേനി അവർക്കു നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളെപ്പറ്റി പ്രസ്താവിച്ചതും മേൽപറഞ്ഞതിനു ഒരു തെളിവാണ്.*

(1951-ൽ മാർ പീലക്സിനോസ് സുവനീറിൽ എഴുതിയ ലേഖനം)

# പുത്തൻകാവിന്റെ പുണ്യശോഭ

കരുണക്കടലേ ഞാൻ നോക്കി.... എന്ന മാർ അപ്രേമിന്റെ ഗീതികൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സൗമ്യവും ദീപ്തവും ഹൃദ്യവുമായ ശബ്ദത്തിൽ ബാല്യത്തിൽ മനസ്സിലെവിടെയോ ഇടം പിടിച്ചത് ഈ എഴുപത്തി മൂന്നാം വയസ്സിലും മാഞ്ഞിട്ടില്ല. ജീവിച്ചിരുന്ന കാലഘട്ടത്തിൽ തന്നെ സഭാവിശ്വാസികളെ ഇത്രയേറെ സ്വാധീനിച്ച മെത്രാപ്പോലീത്താമാർ സഭാചരിത്രത്തിൽ വിരളമായിരിക്കും. കേരളത്തിലങ്ങോളമിങ്ങോളം മലങ്കര സഭയുടെ കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ ശുഭപ്രതിക്ഷയോടെ 'എന്റെ ദൈവവും എന്റെ സഭ'യുമെന്ന ആത്മമന്ത്രവുമായി മിന്നിമിനുങ്ങിയ ശുക്രനക്ഷത്രമായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. മദ്ധ്യ തിരുവിതാംകൂറിൽ അദ്ദേഹം സമാരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനശ്വര സ്മാരകങ്ങളായി ശോഭിക്കുന്നു തന്റെ പേരും പെരുമയും നിലനിൽക്കുവാൻ അദ്ദേഹം ഒന്നും ചെയ്തില്ലെങ്കിലും സമൂഹം അദ്ദേഹത്തെ മഹാത്മാവായി പുണ്യപുരുഷനായി അന്നേ ഹൃദയത്തിലുറപ്പിച്ചു എന്നു പറയുന്നതാവും ശരി.

മലങ്കര സഭയ്ക്കു ഉന്നതനിലവാരത്തിലുള്ള പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിച്ചുവെങ്കിലും പുത്തൻകാവ് മെത്രോപ്പോലീത്തൻ ഹയർ സെക്കണ്ടറി സ്കൂൾ തന്റെ ജന്മനിയോഗമായി ആ പിതാവു കണ്ടിരുന്നു. തന്റെ ഗുരുവായ വട്ടശ്ശേരി തിരുമേനിയെ അനുസ്മരിച്ച് അദ്ദേഹം തന്റെ ഈ ജന്മഗൃഹത്തിന് മെത്രാപ്പോലീത്തൻ എന്നു നാമകരണം നൽകി. ഒരു ദേശത്തിന്റെ ആത്മീയവും ഭൗതികവുമായ ഐശ്വര്യത്തിനു നിദാനമായിരുന്നു ഈ സരസ്വതീക്ഷേത്രം. ജാതിമത ചിന്തകൾക്കതീതമായി ഈ നാട്ടിലെ സാധാരണക്കാരുടെ ഉന്നമനത്തിനുവേണ്ടി പടുത്തുയർത്തിയ ഈ വിദ്യാലയത്തിൽ അദ്ധ്യയനത്തിനെത്തുന്ന ഏവർക്കും മദ്ധ്യസ്ഥനാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. ഈ വിശ്വാസത്തിൽ നിന്നും സ്നേഹാദരവുകളിൽ നിന്നും രൂപം കൊണ്ട ഒരു കൂട്ടായ്മയാണ് **MARPFA** എന്ന പേരിൽ പിന്നീട് ഒരു പ്രസ്ഥാനമായി മാറിയത്. U.A.E. കേന്ദ്രമായി കൊച്ചുതിരുമേനിയുടെ ആരാധകർ ഒത്തുചേർന്ന ഈ പ്രസ്ഥാനം നാടിന്റെ വികസനങ്ങൾക്കു നൽകിയ സംഭാവനകൾ ചെറുതല്ല. പുത്തൻകാവിലെ വായനശാല പിൽക്കാലത്ത് വിദ്യാലയമായി മാറിയത് നാടിനു ഏറെ അനുഗ്രഹകരമായിരുന്നു. തന്റെ മാനസപുത്രനായ പി.ജി. ജോർജച്ചനെ പ്രഥമാധ്യാപകനായി ഇവിടെ നിയമിച്ചതു തിരുമേനിയുടെ ക്രാന്തദർശിത്വത്തിനു തെളിവാണ്. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും ശ്രദ്ധേയമായ വിദ്യാലയമായി മാറിയത് ധീരോദാത്തനായ അച്ചന്റെ സാന്നിധ്യവും സമർപ്പണവുമാണ് എന്ന വസ്തുത മറക്കാവുന്നതല്ല. സ്കൂളിന്റെ കാലോചിതമായ അഭ്യുന്നതിയെ മുന്നിൽക്കണ്ട് പൂർവ്വ വിദ്യാർത്ഥികൾ പല വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സ്കൂളിന്റെ സിൽവർ ജൂബിലി സ്മാരകമായി മാർ പീലക്സിനോസ് ആഡിറ്റോറിയം രൂപം കൊണ്ടു.

പഴയ സ്കൂൾ കെട്ടിടത്തിന്റെ ശോചനീയമായ അവസ്ഥയിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു പുതിയ സ്കൂൾ കെട്ടിടം എന്ന സ്വപ്നം ഏവരുടേയും മനസ്സിൽ വിരിഞ്ഞു തുടങ്ങി. സ്വപ്നം യാഥാർത്ഥ്യമാക്കുവാനുള്ള ചിന്തകളും ചർച്ചകളും അധ്യാപകരുടേയും പൊതുജനങ്ങളുടെയും ഇടയിലുണ്ടായി. 1994 പുതിയ കെട്ടിടത്തിന്റെ



ശ്രീ. ജോർജ് ജോൺ ആലുംമൂട്ടിൽ

(വൈസ് പേട്രൺ മാർഫാ & റിട്ട. ഹെഡ്മാസ്റ്റർ മെത്രോപ്പോലീത്തൻ എച്ച്.എസ്.എസ്., പുത്തൻകാവ്)

പണി ആരംഭിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അദൃശ്യമായ കരസ്പർശം അനുഭവിച്ച നാളുകൾ. ഏലിയാവിനു അപ്പവുമായി എത്തുന്ന അത്ഭുതം നേരിൽ കണ്ടു. അനർത്ഥങ്ങൾ ഒന്നും കൂടാതെ അന്നന്നത്തേയ്ക്കുള്ള അപ്പം നൽകുന്ന അനുഗ്രഹ ഹസ്തം. ഓരോ തീരുമാനങ്ങൾ എടുക്കുമ്പോഴും ആ കബറിങ്കൽ നിന്നും ചൊരിയുന്ന ബുദ്ധിയും ചിന്തയും സുകൃതമായി കാണുന്നു. എന്റെ സഹപ്രവർത്തകനായ ശ്രീ. ജോർജ് വർഗീസ് വെൺമണി പീടികയിൽ (ജോയിസാർ) ഈ അനുഭവങ്ങൾക്കെല്ലാം എന്നോടൊപ്പം സാക്ഷിയാണ്. പുതിയ കെട്ടിടത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി ഞാനും അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. കെ.കെ. തോമസുമൊത്ത് നടത്തിയ വിദേശയാത്ര ഒരു ദൈവനിയോഗമായിരുന്നു. കുവൈറ്റ്, മസ്ക്കറ്റ്, ദുബായ്, അബുദബി, ഫുജറ, റാസൽഖൈമ, ഷാർജ എന്നീ സ്ഥലങ്ങളിലെ പൂർവ്വവിദ്യാർത്ഥികളേയും പ്രിയപ്പെട്ടവരേയും കണ്ടുമുട്ടിയതൊന്നും നിഷ്ഫലമായില്ല. അധ്യാപന നിയോഗത്തോട് ഏറെ സംതൃപ്തിയും സന്തോഷവും തോന്നിയ നിമിഷങ്ങൾ. ദുബായ് എയർപോർട്ടിൽ ഞാൻ വരുന്നതറിഞ്ഞ് സ്വീകരിക്കാനെത്തിയ ശിഷ്യസമൂഹം എന്റെ ഓർമയിൽ ഇന്നെന്നപോലെ, പലപ്പോഴും കണ്ണുകളെ ഈറനണിയിക്കുന്നു. സായാഹ്നങ്ങളിൽ, സംഭാവനകൾ സ്വീകരിക്കുവാൻ പോയ ഓരോ യാത്രയും സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്ന അവസരങ്ങളായിരുന്നു. ആതിഥ്യമരുളാൻ, ഗുരുദക്ഷിണ സമർപ്പിക്കുവാൻ ശിഷ്യർ പരസ്പരം മത്സരിച്ചു. കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾസ് മാനേജരായി നമ്മുടെ അഭിവന്ദ്യതോമസ് മാർ അത്താനാസിയോസ് തിരുമേനി അധികാരമേറ്റെടുത്തതോടെ തന്റെ മാതൃവിദ്യാലയത്തെ ഹൃദയത്തിലേറ്റിയത് നന്ദിയോടെ സ്മരിക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിതൃപുത്രനായ അഭിവന്ദ്യ തിരുമേനി പുതിയ കെട്ടിടത്തിലെ മാർ പീലക്സീനോസ് ബ്ലോക്കിന് എല്ലാ സഹായങ്ങളും നൽകുകയുണ്ടായി. പൊതുസമൂഹത്തിന്റെ ആശയ്ക്കും ആഗ്രഹത്തിനും അനുസൃതമായി ഇന്നു കാണുന്ന സ്കൂൾ കെട്ടിടത്തിനു പിന്നിലെ ഹൃദ്യമായ അനുഭവങ്ങൾ ജീവിതത്തെ അർത്ഥപൂർണ്ണമാക്കിയതായി തോന്നുന്നു. കൊച്ചുതിരുമേനിയുടെ അനുഗ്രഹങ്ങൾ അദൃശ്യമായി ഇടതടവില്ലാതെ തങ്ങളിൽ വസിക്കുന്നുവെന്നു പുതിയ തലമുറ വിശ്വസിക്കുന്നു. ജീവിത പ്രയാണത്തിൽ പച്ചയായ പുൽപ്പുറങ്ങൾ ഒരുക്കിത്തരുന്ന ആ സാന്നിധ്യം അവർക്ക് അനുഭവവേദ്യമാണ്. പരിശുദ്ധനായി സഭ പ്രഖ്യാപിക്കും മുമ്പ് എം.സി. റോഡിൽ പറന്തൽ ജംഗ്ഷനിൽ കാണുന്ന തിരുമേനിയുടെ ചിത്രമുള്ള കുരിശിൻ തൊട്ടി വിശ്വാസികളുടെ കൃതജ്ഞതാപൂർണ്ണമായ സ്മാരകമാണ്.

സ്വന്തം ജീവൻ മറുവിലയായ് നൽകി നമ്മെ വീണ്ടെടുത്ത അരുമനാഥനായ യേശുക്രിസ്തുവിന്റെ അനുയായികൾ. മലങ്കരസഭയ്ക്കുവേണ്ടി അവസാന ശ്വാസവും സമർപ്പിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമമക്കൾ ആ പുണ്യപിതാവിന് സഭ നൽകുന്ന ആദരവിനെ നന്ദിയോടെ അഭിമാനത്തോടെ വണങ്ങുന്നു. വി.തുബ്ദേനിൽ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ നാമം കേൾക്കുവാനുള്ള ഭാഗ്യവും നമ്മുടെ തലമുറയ്ക്കുണ്ടാകട്ടെ. പുത്തൻകാവിൽ കൊച്ചുതിരുമേനി പുത്തൻകാവിന്റെ പുണ്യശോഭയാണ് അത് മലങ്കര സഭയാകെ പരക്കുമ്പോൾ ജന്മനാട് ധന്യമാകുന്നു.

> *പഴയ സ്കൂൾ കെട്ടിടത്തിന്റെ ശോചനീയമായ അവസ്ഥയിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു പുതിയ സ്കൂൾ കെട്ടിടം എന്ന സ്വപ്നം ഏവരുടേയും മനസ്സിൽ വിരിഞ്ഞു തുടങ്ങി. സ്വപ്നം യാഥാർത്ഥ്യമാക്കുവാനുള്ള ചിന്തകളും ചർച്ചകളും അധ്യാപകരുടേയും പൊതുജനങ്ങളുടെയും മധ്യത്തിലുണ്ടായി.*




പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർ സെക്കന്ററി സ്കൂൾ

# പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിദ്യാഭ്യാസ ദർശനം

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രതാളുകളിൽ സുവർണ്ണലിപികളാൽ എഴുതപ്പെടേണ്ട നാമമാണ് കാതോലിക്കേറ്റ് രത്നദീപം പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടേത്. മാതൃസഭയെ ത്യജിച്ച് കത്തോലിക്കാ പാളയത്തിലേക്ക് കൂടുമാറിയ മാർ ഈവാനിയോസിനു പകരക്കാരനായാണ് കേവലം 33 വയസ്സു മാത്രം പ്രായമുള്ള ഫാ.കെ.റ്റി. ഗീവർഗീസ് "ഗീവർഗീസ് മാർ പീലക്സിനോസ്" എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടത്.

**സെക്കുലർ വിദ്യാഭ്യാസം**

മെത്രാപ്പോലീത്തായുടെ പ്രധാന കർമ്മപഥം തന്റെ ആടുകളുടെ ആത്മീയ ഉന്നമനമാണ് എങ്കിലും വിദ്യാഭ്യാസത്തിലൂടെ മാത്രമെ സഭയുടെ നിലനിൽപ്പും സഭാമക്കളുടെ വളർച്ചയും സാദ്ധ്യമാകുകയുള്ളു എന്ന ബോദ്ധ്യം കൊച്ചുതിരുമേനിയെ സെക്കുലർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പ്രേരിപ്പിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ അധിപനായി സ്ഥാനമേറ്റ തിരുമേനി ജനവാസമില്ലാതിരുന്ന പത്തനംതിട്ട മാക്കാംകുന്നിനെ കേരളത്തിലെ ഏറ്റവും പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമുച്ചയമായി സ്വപ്നം കണ്ടു. ആ പ്രദേശത്തെ കാടുകൾ വെട്ടിത്തെളിക്കുന്നതിനും പാറകൾ ഇളക്കിമാറ്റി സ്ഥലം നിരപ്പാക്കുന്നതിനും കായികമായി അദ്ധ്വാനിച്ചു. അപ്രകാരം തന്റെ അദ്ധ്വാനവും വിയർപ്പും കൊണ്ട് കെട്ടിപ്പൊക്കിയ സ്ഥാപനമാണ് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ ഒരേ കുടക്കീഴിൽ വളർന്നു കാണുന്നത് സ്വപ്നം കണ്ട തിരുമേനി അവിടെ ഒരു കോളേജ് സ്ഥാപിക്കുന്നതിന് അനുവാദത്തിനായി കേരള സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചു. അനേകം വൈതരണികൾ അതിജീവിച്ച് 1951 ഏപ്രിൽ 5 ന് അംഗീകാരത്തിനായി 5 ലക്ഷം രൂപ കെട്ടിവെയ്ക്കണം എന്നറിയിച്ചുകൊണ്ട് സർവ്വകലാശാലയിൽ നിന്നും കത്തു ലഭിച്ചെങ്കിലും കോളേജ് എന്ന സ്വപ്നം സഫലമാകാതെ ഏപ്രിൽ 17 ന് കൊച്ചുതിരുമേനി കാലം ചെയ്തു. കേരളത്തിലെ പ്രശസ്തമായ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് എന്ന നിലയിൽ സഭയ്ക്ക് തിലകക്കുറിയായി നിൽനിൽക്കുന്ന പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് കൊച്ചുതിരുമേനിയുടെ മരിക്കാത്ത ഓർമ്മകൾക്ക് നിറം ചാർത്തുന്നു.

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്ക് നിദാനം അതിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന വിദ്യാഭ്യാസമാണ് എന്ന തത്വം മനസ്സിലാക്കുകയും അതിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും ചെയ്തു എന്നതാണ് കൊച്ചുതിരുമേനിയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. തന്റെ ജന്മദേശമായ പുത്തൻകാവിലെ മെത്രോപ്പോലീത്തൻ ഹൈസ്ക്കൂൾ സ്ഥാപിച്ചതിന്റെ പിന്നിലുള്ള ചേതോവികാരവും മറ്റൊന്നായിരുന്നില്ല. സ്വന്തം ദേശക്കാരിൽ നിന്നുപോലും കഠിനമായ എതിർപ്പുകൾ നേരിടേണ്ടി വന്നുവെങ്കിലും അതുമൂലമുണ്ടായ മനഃപീഢകളെയൊക്കെയും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് നിർമ്മാണ ജോലിക്കാരോടൊപ്പം കായികമായി അദ്ധ്വാനിച്ച് പുത്തൻകാവിൽ ഒരു ഹൈസ്കൂൾ എന്ന



ഡോ. ജിബി ജോർജ്ജ്
(സഭാ മാനേജിംഗ് കമ്മറ്റി അംഗം/
പ്രിൻസിപ്പൽ പീറ്റ് മെമ്മോറിയൽ
ട്രെയ്നിംഗ് കോളേജ്, മാവേലിക്കര)

സ്വപ്നം യാഥാർത്ഥ്യമാക്കി. തന്മൂലം പുത്തൻകാവും പരിസര പ്രദേശങ്ങളും വിദ്യകൊണ്ട് നേടിയ വളർച്ച അസൂയാവഹമാണ്.

ആത്മീയ വളർച്ചയ്ക്കൊപ്പം ലൗകിക വളർച്ചയും സമൂഹത്തിന്റെ വളർച്ചയുടെ അളവുകോലാണ് എന്ന് തിരുമേനി വിശ്വസിച്ചു. കിഴവള്ളൂർ സെന്റ് ജോർജ്ജ് തുമ്പമൺ എം.ജി.എം. എന്നീ സ്കൂളുകൾ സ്ഥാപിച്ചു എന്നതു മാത്രമല്ല തിരുമേനിയുടെ സവിശേഷത. അവയുടെ വളർച്ചയും പ്രവർത്തനങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുകയും അവയ്ക്ക് നേതൃത്വം കൊടുക്കുവാൻ ഏറ്റവും യോഗ്യരായ വ്യക്തികളെ കണ്ടെത്തി ചുമതലയേൽപ്പിച്ചു എന്നതാണ്. പുത്തൻകാവ് ഹൈസ്കൂളിന്റെ സാരഥിയായി വന്ദ്യനായ പുലിമുഖത്ത് പി.ജി. ജോർജ്ജ് അച്ചനെ നിയമിച്ചത് അതിന് ഒരു ഉദാഹരണം മാത്രം.

കൊച്ചുതിരുമേനിയുടെ മറ്റൊരു സവിശേഷതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ അദ്ധ്യാപന ചാതുര്യമാണ്. ഏതു വിഷയവും ലളിതമായും ഹൃദ്യമായും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ അപാരമായ കഴിവ് പ്രകടമാക്കിയ ഒരു വ്യക്തിയായിരുന്നു കൊച്ചുതിരുമേനി.

സഭയുടെ വളർച്ച സഭാജനങ്ങളുടെ ആത്മീയ, ലൗകീക വളർച്ചയിൽ അധിഷ്ഠിതമാണെന്നും അത് സാദ്ധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണെന്നും ഉറച്ച് വിശ്വസിച്ചിരുന്ന തിരുമേനി സ്ഥാപിച്ചവയൊന്നും തന്റെ പേരിലായിരുന്നില്ല, എല്ലാം സഭയ്ക്കുവേണ്ടിയായിരുന്നു. വളരെ ചുരിങ്ങിയ കാലം മാത്രമെ പ്രവർത്തിക്കുവാനായി ലഭിച്ചുള്ളുവെങ്കിലും തിരുമേനിയുടെ വിദ്യാഭ്യാസ ദർശനത്തിന്റെ പ്രസക്തി ഇന്നും നഷ്ടപ്പെട്ടിട്ടില്ല.



*മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരൻ കെ.റ്റി ജോസഫ് സ്ഥാപിച്ച് ഓർത്തഡോക്സ് സഭയ്ക്ക് നൽകിയ മാർ പീലക്സിനോസ് മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ*

> തന്റെ അദ്ധ്വാനവും വിയർപ്പും കൊണ്ട് കെട്ടിപ്പൊക്കിയ സ്ഥാപനമാണ് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ ഒരേ കുടക്കീഴിൽ വളർന്നു കാണുന്നത് സ്വപ്നം കണ്ട തിരുമേനി അവിടെ ഒരു കോളേജ് സ്ഥാപിക്കുന്നതിന് അനുവാദത്തിനായി കേരള സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചു.




*പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കന്ററി സ്കൂൾ*

# 1951 ലെ 36-ാം ഞായറാഴ്ചയിലെ വിശുദ്ധ കുർബാന

ശ്രീ.പി.സി കുഞ്ഞാത്തിരി ബി.എ
കുന്നംകുളം

നൂതന ചരിത്രം സൃഷ്ടിച്ച ഒരു പ്രമുഖദിനമാണ് 1951-ലെ ഏപ്രിൽ 15 മറക്കാൻ കഴിയാത്ത സ്മരണകൾ അതിൽ അന്തർലീനമായിരിക്കുന്നു.

ഭാസ്കര പ്രഭ നാലുദിക്കും വ്യാപിച്ചു കുന്നംകുളം പഴയപള്ളിയിലെ വല്യമണി ണാം.... ണാം... എന്ന ധ്വനി മുഴക്കി. ഭക്തജനങ്ങൾ പള്ളിയിൽ ബഹുമാന പുരസ്സരം നിന്നു. പുത്തൻകാവിലെ കൊച്ചു മെത്രാച്ചന്റെ കുർബാന സഹൃദയർക്കെല്ലാം ആസ്വാദ്യമായിരുന്നു. പള്ളിയകം ജനനിബിഡമായി തെരുവുകൾ ജനശൂന്യമായി. വീണ്ടും മണിനാദം മുഴങ്ങി. വി. മദ്ബഹായുടെ തിരശ്ശീല നീങ്ങി. ജനങ്ങൾ പഞ്ചപുച്ഛമടക്കി ധ്യാനനിരതനായിരുന്നു. കൊച്ചുതിരുമേനി ഭക്ത്യാദരവുകളോടു കൂടി സ്വഹസ്തത്തിൽ ധൂപകുറ്റിയുമായി മറിയം പീലൈത്തേ പാടി. മണികൾ തെരുതെരെ ശബ്ദിച്ചു. വിശുദ്ധ മേല്പട്ടക്കാരൻ കർണ്ണ പീയുഷമായ ആരാധനകൾ ആരംഭിച്ചു. വനവാസികൾ ഭൂലോകത്തിലേക്ക് എത്തിനോക്കി. ജനങ്ങൾ ഭക്തിയോടുകൂടി പ്രാർത്ഥനകൾ അർപ്പിച്ചു. ഭയത്തോടും വിറയലോടുംകൂടി അവർ ആ ദിവ്യബലിയിൽ സൂക്ഷിച്ചുനിന്നു. ഈ പശ്ചാത്തലത്തിൽ ആ വിശുദ്ധ സ്ഥലം സ്വർഗ്ഗസമാനമായി പരിണമിച്ചു. വിശ്വത്തെ സ്വർഗ്ഗതുല്യമായി പരിവർത്തനം ചെയ്യിക്കുന്ന ഒരു രംഗം. കൊച്ചുതിരുമേനിയുടെ സ്വരമാധുര്യം ആ ദിവ്യപൂജക്ക് മകുടം ചാർത്തി. സവിശേഷമായ പ്രാർത്ഥനാഗീതങ്ങൾ സ്വർഗ്ഗീയഗാനങ്ങളുടെ പ്രതീതി ഉളവാക്കി. ജീവിതപ്പോരിൽ വാടി തളർന്ന മനുഷ്യകുലത്തെ ആശ്വസിപ്പിക്കുന്ന ജഗത് പ്രഭുവിന്റെ കാരുണ്യരസം. ആമനുഷ്യസഞ്ചയത്തിന്റ അന്ത: കരണത്തിന്റെ അഗാധതയിലേക്ക് ആ ദിവ്യകൂരമ്പുകൾ തുളഞ്ഞു കയറി. വിശിഷ്യ. കാതോലിക്കദിനത്തിന്റെ പ്രത്യേക പ്രാർത്ഥനകൾ അണയ്ക്കപ്പെട്ടു.

കുർബാനാന്ത്യത്തിൽ തിരുമേനിയുടെ ഉജ്ജ്വലമായ പ്രസംഗമുണ്ടായി. ലളിതവും സുഗ്രാഹ്യവുമായിരുന്നു അത്. കുരുടന്റെ കണ്ണിൽ ചേറുപൂശി സൗഖ്യമാക്കിയതാണ് അന്നത്തെ ഏവൻഗേലിയോൻ വായന. പ്രസ്തുത സംഭവത്തിനടിസ്ഥാനമാക്കി തുടർന്ന പ്രസംഗം സകല ശൃംഖലകളേയും പൊട്ടിക്കുവാൻ പര്യാപ്തമായിരുന്നു. അന്ത്യോക്കായുടെ മൂടക്കിന്റെ അസാധുത്വം മുതൽ പരിശുദ്ധ കതോലിക്കായുടെ അനിഷേധ്യമായ പരമാധികാരം വരെയുള്ള കാര്യങ്ങളെ പരാമർശിച്ചു. ഒരു നൂറു കൊല്ലത്തെ ചരിത്ര രഹസ്യങ്ങളിൽ കൂടി ആ നീരൊഴുക്ക് ത്വരിതഗതിയിൽ ഇഴഞ്ഞു പോയി. കാതോലിക്കാവാഴ്ചയുടെ ശ്രേയസ്സിനായി യുവസന്താനങ്ങളുടെ സത്വരശ്രദ്ധയെ അദ്ദേഹം ആകർഷിച്ചു. കോമളഭാഷയിൽ ഫലിത സമ്പൂർണ്ണമായ ആ പ്രസംഗം ജനങ്ങളുടെ മനം കവർന്നു. വികാര ഉത്തേജകമായ നിരവധികാര്യങ്ങൾ ആ പ്രസംഗത്തിൽ അന്തർഭവിച്ചിരുന്നു. സ്വന്തം വേദനകൾ അവഗണിച്ച് (ഇടയ്ക്കിടെ നെഞ്ചത്ത് കരം ചേർത്തുകൊണ്ടാണെങ്കിലും) സഭയുടെ വിവിധ വിഷമപ്രശ്നങ്ങളെ ശ്രദ്ധയിൽപ്പെടുത്തി ആ വൈദികശ്രേഷ്ഠൻ പ്രസംഗിച്ചു. യേശുതമ്പുരാൻ പാപിയാണെന്ന് നിസ്സങ്കോചം ചീട്ടെഴുതിയ കള്ള യഹൂദപ്രമാണികൾ പാവപ്പെട്ട കുരുടനും മുടക്കു കല്പിച്ചു. അപ്രകാരം അജ്ഞാതമായ കാരണം കൊണ്ടാണ് അന്ത്യോക്കാ സിംഹാസനം നമുക്ക് മുടക്ക് പാസ്സാക്കിയത് . സർവജനനീയനായ

ശാന്തഗംഭീരനായ കൊച്ചുതിരുമേനിയുടെ വാഗ്ധോരണി ജനങ്ങളെ ഹഠാദാകർശിച്ചു. നെഞ്ചു വേദനയോടുകൂടി കൊച്ചുതിരുമേനി പ്രസംഗിക്കുന്നതിൽ ഭക്തജനങ്ങൾക്ക് ആശങ്കയുണ്ടാക്കുന്നതായിരുന്നു. കൊച്ചുതിരുമേനി പ്രസംഗം ഉപസംഹരിച്ചു. തൽസമയം ചില സഭാ പ്രേമികൾ മെത്രാച്ചനെ സമീപിച്ചു. ക്ഷീണഗാത്രനെങ്കിലും ആ വിശുദ്ധദിവസത്തിൽ അദ്ദേഹത്തിന് വിശ്രമം ലഭിച്ചില്ല. സഭാ പതാക ഉയർത്തുന്നതിനുള്ള അവരുടെ അപേക്ഷ തിരസ്ക്കരിക്കുവാൻ അദ്ദേഹത്തിന് വൈമനസ്യമുണ്ടായി തിങ്ങി നിറഞ്ഞ മലങ്കരസഭാമക്കളെ സാക്ഷി നിർത്തി മുദ്രാ വാക്യങ്ങളാൽ ശബ്ദമുഖരിതമായ അന്തരീഷത്തിൽ മലങ്കര സഭയുടെ പതാക പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പൊൻകരങ്ങളാൽ വാനിലേക്ക് ഉയർന്നു പതാകമുകളിലേറി യഥേഷ്ടം പാറിപറന്നു ഏതോ വിദൂര ചിന്തയിൽ കൊച്ചുതിരുമേനി ഒരു നിമിഷം സഭാപതാകയെ വീക്ഷിച്ചു നിന്നു. വമ്പിച്ച തിരക്കൊന്നു ശാന്തമായി അവശനായ കൊച്ചുമെത്രാച്ചന് വിശ്രമിക്കാൻ അല്പ ഇടം കിട്ടി.

പരിപാടിയനുസരിച്ച് കൊച്ചു മെത്രാച്ചന്റെ പ്രസംഗത്തിന് ആ മദ്ധ്യാഹ്നത്തിൽ ജനങ്ങൾ പള്ളി അങ്കണത്തിൽ നിറഞ്ഞു. ഈ പ്രസംഗം കൊച്ചുതിരുമേനിയുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന് വികാരിയച്ചനും മറ്റും അഭിപ്രായപ്പെട്ടു. സഭയെ ഉറപ്പിക്കുന്നതിലും ജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിലും തിരുമേനി ജാഗ്രവാനായിരുന്നു. ദൃഡബുദ്ധിമാനായ ആ ത്യാഗശാലി സ്വവിഷമതകളെ തൃണവൽഗണിച്ച് അണയാൻ പോകുന്ന ദീപനാളത്തെപ്പോലെ അദ്ദേഹം നവചൈതന്യം കൈകൊണ്ടു ഒരു മണിക്കൂർ ദൈർഘ്യമുള്ള പ്രശസ്തമായ തന്റെ അന്ത്യപ്രസംഗം നിർവഹിച്ചു. ഭക്തജനങ്ങളുടെ സിരകളിൽ വൈദ്യുത പ്രവാഹമുണ്ടായി. അവരുടെ മനസ്സുകളിൽ കോളിളക്കമുണ്ടായി. കതോലിക്കദിനം പ്രമാണിച്ച് കുന്നം കുളത്ത് കൊല്ലം തോറും സാധുക്കൾക്കു വേണ്ടി ഒരു സദ്യ നടത്തുന്ന പതിവുണ്ട്. സദ്യ ആരംഭിച്ചു. ജനങ്ങളെ പന്തിപന്തിയായി ഇരുത്തി കൊച്ചുതിരുമേനി വിഭവങ്ങൾ വാഴ്ത്തി അനുഗ്രഹിച്ച് വിളമ്പുവാൻ ഉത്തരവു നൽകി. തുടർന്ന് പരിശുദ്ധ കാതോലിക്ക ബാവയുടെ എണ്ണഛായ ചിത്രം എതിരേറ്റു കൊണ്ടുള്ള ഘോഷയാത്ര നടന്നു. കൊച്ചുമെത്രാച്ചൻ അടുത്ത ദിവസത്തെ യാത്രാ പരിപാടി ക്രമീകരിക്കുകയാണ്. പക്ഷേ അത് അന്ത്യയാത്രയാണെന്ന് ആരും നിനച്ചതില്ല. സുഗന്ധവാഹിയായ ആ ജീവിത കുസുമം ഇത്രപെട്ടന്ന് വാടിക്കരിയുമെന്ന് ആരറിഞ്ഞു. വിധിവൈപരിത്വം ആ ഇടയശ്രേഷ്ഠനെ നമ്മിൽ നിന്നും പറിച്ചെടുത്തു.

*ഭാസ്കര പ്രഭ നാലുദിക്കും വ്യാപിച്ചു കുന്നംകുളം പഴയപള്ളിയിലെ വല്യമണി ണാം.... ണാം... എന്ന ധ്വനി മുഴക്കി. ഭക്തജനങ്ങൾ പള്ളിയിൽ ബഹുമാന പുരസ്സരം നിന്നു. പുത്തൻകാവിലെ കൊച്ചു മെത്രാച്ചന്റെ കുർബാന സഹൃദയർക്കെല്ലാം ആസ്വാദ്യമായിരുന്നു.*

നശ്വരലോകമെ! നിന്നിലുണ്ടാകുമോ


ശാശ്വതമായ് വല്ലതും വല്ലനാളും

അതേ ജീവിതത്തിന്റെ നശ്വരത മനുഷ്യനെ നിറുത്തി ചിന്തിപ്പിക്കുന്നതാണ്.ആ ധീരയോദ്ധാവ് പ്രസന്നവദനനായി ജീവിത പോർക്കളത്തിലിറങ്ങി നാനാ വിഷമതങ്ങളിൽ കൂടി ചരിച്ചു കൊണ്ടിരിക്കുന്ന സ്വന്തം സഭയെ അപാരമായ ദുഃഖത്തിലാഴ്ത്തി സ്വർഗ്ഗരാജ്യം പ്രാപിച്ചു. പരിശുദ്ധ പിതാവേ അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായി തീരട്ടെ... (1951 -ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)



# ചരിത്രപ്രസിദ്ധമായ കുന്നംകുളം പ്രസംഗം

*(1951 ഏപ്രിൽ 15 നു വലിയ നോമ്പിലെ 36-ാം ഞായറാഴ്ച കാതോലിക്കാദിനം പ്രമാണിച്ച് നടന്ന മഹായോഗത്തിൽ കുന്നംകുളം പള്ളിയിൽ നടത്തിയ പ്രസംഗം*



പുത്തൻകാവിൽ കൊച്ചുതിരുമേനി

പ്രിയരെ,

എത്രയും ചുരുങ്ങിയ സമയം കൊണ്ട് പ്രസംഗം അവസാനിപ്പിക്കണമെന്ന് പൊതുയോഗഭാരവാഹികൾ നിർബന്ധിച്ചിരിക്കയാൽ ഈ പ്രസംഗം നീട്ടുന്നില്ല.

ദേഹത്തിന് ആരോഗ്യമില്ലാത്തതിനാൽ കഴിയും വേഗം പ്രസംഗം അവസാനിപ്പിക്കണമെന്നു തന്നെയാണ് ഇടയ്ക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നെഞ്ചു വേദനയും ഉൽബോധിപ്പിക്കുന്നത്. ഉച്ചത്തിൽ സംസാരിപ്പാൻ നിവൃത്തിയില്ലാതിരിക്കെ ഒരു മൈക്രോഫോണിന്റെ സഹായം ലഭിച്ചതു വളരെ ആശ്വാസമായി.

ബ. ശെമ്മാശ്ശൻ (Dn. P.S. Samuel; B.Sc) കാതോലിക്കാ സിംഹാസനത്തെക്കുറിച്ചു ഒരു സംക്ഷിപ്തവിവരണം ചരിത്രപരമായി നിങ്ങൾക്കു തന്നുകഴിഞ്ഞു. പൗരസ്ത്യ ദേശത്തിന്റെ ഒന്നാമത്തെ മേൽപ്പട്ടക്കാരൻ വി. മാർത്തോമ്മാശ്ലീഹായായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായ മാർ ആദായിയും, മാർ ആഗായിയും എഡേസ്സാ ആസ്ഥാനമായി ഭരിച്ചു. അവരുടെ പിൻഗാമിയായ വി. മാറി അന്നത്തെ ഗവൺമെന്റിൽ നിന്നുണ്ടായ മർദ്ദനവും പീഡയും മൂലം തന്റെ ഭരണസ്ഥാനം എഡേസ്സായിൽ നിന്ന് സെലൂക്യയിലേക്കു മാറ്റി. വി. മാറിയുടെ കാലശേഷം വി. അബ്രോസിയോസ്സും, അബ്രഹാമും, യാക്കോബും ക്രമമായി ഭരണം നടത്തിപ്പോന്നു. ഇങ്ങനെ സെലൂക്യാ സിംഹാസനത്തിൽ ഭരിച്ചു വന്നിരുന്നവരെയെല്ലാം കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തന്മാർ (റീശോ റാബേദ് കൊഹനെ ദ് മനഹോ) എന്നു വിളിച്ചു പോന്നു.

എന്നാൽ വി. ആഹൂദ് ആബൂയ് അന്ത്യോക്യായിലേക്കു മേൽപ്പട്ട സ്ഥാനം ഏൽക്കുവാൻ പോയപ്പോൾ അന്നു പേർഷ്യയും അന്ത്യോക്യയും തമ്മിലുള്ള പരസ്പരവൈരം കൊണ്ട് ഈ വിശുദ്ധനെ പേർഷ്യൻ ഒറ്റുകാരനാണെന്ന് തെറ്റിദ്ധരിച്ച് അന്ത്യോക്യക്കാർ കൊല്ലുവാൻ ശ്രമിച്ചു. ദൈവകൃപയാൽ അദ്ദേഹം എങ്ങനെയോ രക്ഷപ്പെട്ട് ഊർശ്ലേമിൽ പോയി പട്ടമേറ്റു. ഈ വിശുദ്ധനുണ്ടായ കഷ്ടതകളിൽ മനസ്സലിഞ്ഞ ഊർശ്ലേമിന്റെ എപ്പിസ്കോപ്പന്മാർ സെലൂക്യാ സിംഹാസനത്തിന്റെ സ്ഥിരതയ്ക്കായി (റീശ് റാബോദ് കൊഹനെ ദ് മദനഹോ) കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ മേലിൽ കാതോലിക്കാ എന്നു നാമകരണം ചെയ്യപ്പെടണമെന്നും പൗരസ്ത്യരിൽ ഏതെങ്കിലും ഒരു മെത്രാപ്പോലീത്താ മരിച്ചാൽ ആ സ്ഥാനത്തേക്കു ഒരു സ്ഥാനിയെ വാഴിക്കുവാൻ പൗരസ്ത്യർക്കു തന്നെ അധികാരമുണ്ടെന്നും അന്യരാജ്യങ്ങളിൽപ്പോയി പട്ടമേൽക്കണ്ടതില്ലെന്നും പ്രസ്താവിക്കുന്ന ഒരു സ്ഥാത്തിക്കോൻ ആഹൂദ് ആബൂയ് വശം ഏൽപ്പിച്ചു. ഇതനുസരിച്ചു വി. ആഹൂദ് ആബൂയ് തന്നെ ആയി ഒന്നാമത്തെ കാതോലിക്കാ. ക്രിസ്താബ്ദം 231-ൽ കാതോലിക്കാ സിംഹാസനം ഇങ്ങനെ പൂർവ്വദേശത്തു സ്ഥാപിതമായി. ക്രിസ്താബ്ദം 325-ൽ, അതായതു ഒരു 94 കൊല്ലം കഴിഞ്ഞതിനുശേഷം കൂടിയ നിഖ്യാസുന്നഹദോസ് യെരുശലേം സ്ഥാത്തിക്കോനെ പ്രബലപ്പെടുത്തി. ഈ സംഭവമാണ് ഹൂദായ കാനോനിൽ സിദ്ധനായ ബാർ എബ്രായ എല്ലാവർക്കും കാണുമാറു 'നിഖ്യാ സുന്നഹദോസിൽ പാസ്സാക്കിയ നിയമങ്ങൾ' എന്ന തലക്കെട്ടിൽ എഴുതിച്ചേർത്തിട്ടുള്ളത്. 'മെക്കോവലഹാൽ' (അന്നു മുതൽക്കു ഇന്നുവരെയും ഇനിയും തുടർന്നും) കാതോലിക്കാ എന്നു കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ അറിയപ്പെടണം.

ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. റോമിലേയും അലക്സന്ത്രിയായിലേയും, കുസ്തന്തിനോസ്സ്പോലീസിലേയും അല്ലാ നമ്മുടെ അന്ത്യോക്യായിലേയും പാത്രിയർക്കാ സിംഹാസനങ്ങളുണ്ടാകുന്നതിനു ഒരു 94 വർഷം മുമ്പു തന്നെ പൗരസ്ത്യദേശങ്ങളിൽ ഈ കാതോലിക്കാ സിംഹാസനം ഉണ്ടായി. പ്രിയരെ! ആരെങ്കിലും 'നിങ്ങളുടെ ഈ കാതോലിക്കാ എന്നുണ്ടായി' എന്നു ചോദിച്ചാൽ ഉടനെ പറഞ്ഞേക്കണം 'നിങ്ങളുടെ പാത്രിയർക്കീസ് ഉണ്ടായതിനേക്കാൾ 94 കൊല്ലം മുമ്പ്' എന്ന്.

ഇപ്പോൾ ആബാലവൃദ്ധം ആരോടു ചോദിച്ചാലും പാത്രീയർക്കീസിനെ എല്ലാവരും അറിയും. എന്നാൽ കാതോലിക്കാ എന്ന വാക്ക് സാമാന്യർക്കു സുപരിചിതമല്ല. അതിനും കാരണങ്ങൾ ഉണ്ട്. അതുംകൂടി പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു കളയാം. ഇന്നു ഈ മൈക്കിന് പറ്റിയപോലെ ഇടയ്ക്കിടയ്ക്ക് എന്റെ ശബ്ദത്തിനും ചില തകരാറുണ്ടാകുന്നുണ്ട്. എങ്കിലും പരിശുദ്ധ കാതോലിക്കാ സിംഹാസനത്തെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ നിങ്ങൾ ഗ്രഹിക്കണമെന്നുള്ള എന്റെ ആഗ്രഹം എന്റെ നെഞ്ചുവേദനയെ നിസ്സാരമാക്കുന്നു. പാത്രിയർക്കീസിനേക്കാൾ 94 വർഷം മൂപ്പുള്ളതാണ് കാതോലിക്കാ. പിന്നെ എന്തുകൊണ്ട് ആ വാക്കു സുപരിചിതമല്ല. കാതോലിക്കാ സിംഹാ



സനം 498–ാം മാണ്ടു വരെ തുടർന്നു. എന്നാൽ അവസാനത്തെ കാതോലിക്കാ നെസ്തോറിയനായതു മുതൽ വളരെക്കാലം കാതോലിക്കാ ഉണ്ടായില്ല. തദവസരത്തിൽ പൗരസ്ത്യർ അന്ത്യോക്യാ പാത്രിയർക്കീസിനെ ഈ വിവരം അറിയിച്ചു. അപ്പോൾ പാത്രിയർക്കീസ് നിഖ്യാ സുന്നഹദോസ് നിശ്ചയപ്രകാരം "നിങ്ങൾ തന്നെ കാതോലിക്കായെ വാഴിക്കുവിൻ' എന്നു കൽപ്പിച്ചല്ലാതെ ഒരു സ്ഥാനിയെ അങ്ങോട്ട് അയക്കുവാനോ അല്ലെങ്കിൽ തഹലുപ്പാ വഴി വാഴിക്കുവാനോ അല്ല മറുപടി നൽകിയത്. ഇങ്ങിനെ പരസ്ത്യർ 629–ൽ കാതോലിക്കായെ വാഴിച്ചു. പിന്നീടു കുറേക്കാലത്തേക്കു കാതോലിക്കാമാർ ഉണ്ടായില്ല. അതുകൊണ്ടാണ് കാതോലിക്കാമാരുടെ ലിസ്റ്റിൽ ചില കൊല്ലങ്ങളിൽ ആരുടെയും പേരുകൾ കാണാതിരിക്കുന്നത്. പാത്രിയർക്കീസുമാരുടെ ലിസ്റ്റിലും ഇപ്രകാരം ചില വിടവുകൾ എല്ലാം കാണുന്നുണ്ട്. പരിശുദ്ധ കാതോലിക്കാ സിംഹാസനം പാത്രിയർക്കാ സിംഹാസനത്തെ അപേക്ഷിച്ച് കൂടുതൽ കാലം വൈധവ്യത്തിന്നധീനമായി. അതുകൊണ്ട് കാതോലിക്കാ നാമം അധികമായി കേൾപ്പാൻ സാദ്ധ്യമായില്ല. അതാണ് നമുക്ക് ആ നാമം സുപരിചിതമല്ലാതിരിപ്പാൻ കാരണം. എന്നാൽ പാത്രിയർക്കീസ് എന്ന നാമം നമ്മുടെയുള്ളിൽ കൂടുതൽ പതിയുകയും ചെയ്തു. അതു എന്നു മുതൽക്ക് – ഒരു പാലക്കുന്നത്തു മെത്രാച്ചൻ മുതൽക്ക് പാലക്കുന്നത്തു മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാച്ചൻ അന്ത്യോക്യായിൽ ചെന്നു സ്ഥാനം ഏറ്റു. അന്നുമുതൽ അന്ത്യോ ക്യയുടെ ഭാരമേറിയ ഇരിമ്പുനുകം നമ്മുടെ പേടലിക്കും വീണു. പാത്രിയർക്കീസ് എന്ന നാമം അതോടുകൂടി എല്ലാ പുസ്തകങ്ങളിലും പതിഞ്ഞു. ഇങ്ങനെ ഈ പാത്രിയർക്കീസ് എന്ന പേരു നമുക്കു സുപരിചിതമായി.

പ്രിയരേ, നാം ചരിത്രത്തിലേക്കു ഒന്നു കണ്ണോടിക്കുക. നമ്മുടെ സഭ വിശ്വസിക്കുന്നതായ മൂന്നു സുന്നഹദോസുകളിൽ മലങ്കരസഭയുടെ പ്രതിനിധിയായി ഈ മലങ്കരയിൽ നിന്നു വല്ലവനും പോയിരുന്നുവോ? അതിനെപ്പറ്റി വല്ലവനും അറിവുണ്ടോ? അവർ മലങ്കരസഭയെ സുന്നഹദോസിനു ക്ഷണിച്ചിട്ടുണ്ടോ? ഇല്ല. പിന്നെ, നാം എങ്ങിനെ ആ സുന്നഹദോസുകൾ സ്വീകരിച്ചു. ചരിത്രം പഠിപ്പിച്ചു. നാം അതു വിശ്വസിച്ചു.

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ മകനു രണ്ടര വയസ്സുള്ളപ്പോൾ സിങ്കപ്പൂർക്കു പോയി. വളരെക്കാലത്തേക്കു അയാളെപ്പറ്റി യാതൊരു വിവരമുണ്ടായില്ല. അയാളുടെ മകന്റെ പരിപാലനം അയാളുടെ അനുജൻ ഏറ്റെടുത്തു. ആ മകൻ അവന്റെ ഇളയപ്പനെ സ്വപിതാവെന്നു ധരിച്ചുപോന്നു. ഏകദേശം 18 വർഷം കഴിഞ്ഞു സിങ്കപ്പൂരിൽ പോയ ആ മനുഷ്യൻ മടങ്ങിയെത്തി. 20 വയസ്സായ തന്റെ മകനോട് 'ഞാനാണു പിതാവ്' എന്നു പറഞ്ഞു. പക്ഷേ 'നിങ്ങളല്ല എന്റെ പിതാവ്, ഇദ്ദേഹമാണ്' എന്ന് ഇളയപ്പനെ ചൂണ്ടിക്കാണിച്ചുകൊണ്ട് മകൻ വിസമ്മതിച്ചപ്പോൾ ഇളയപ്പനും യുവാവിനോട് അയാളുടെ ശരിയായ പിതാവ് സിങ്കപ്പൂരിൽ നിന്നു വന്നവനാണെന്നു പറഞ്ഞു.

പ്രിയരെ, ഈ ഒരു നിലതന്നെയായിരുന്നു നമ്മുടേതും, കുറെക്കാലം മുമ്പ് കാതോലിക്കാ സിംഹാസനം ഉണ്ടായി. പാത്രിയർക്കാ സിംഹാസനം ഉണ്ടാകുന്നതിനും 94 കൊല്ലം മുമ്പ്. അതു കുറേക്കാലമായി ഇല്ലാതിരിക്കയായിരുന്നു. സാക്ഷാൽ പിതാവായി നാം വേറെ ആളെ ഇതേവരെ വിശ്വസിച്ചുപോന്നു – എന്നാൽ ഇപ്പോൾ നമ്മുടെ സാക്ഷാൽ പിതാവ് ആരെന്നു നാം സുവ്യക്തം മനസ്സിലാക്കിക്കഴിഞ്ഞു. നമ്മുടെ പിതാവ് ഇവിടെയുള്ള, ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന ആ പുണ്യദേഹം തന്നെയാണ്.

മാത്യൂസ് മാർ അത്താനാസ്യോസ് ആണ് അന്ത്യോക്യാബന്ധം മലങ്കരയിൽ സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ ചില 'കുസൃതികൾക്കു' ശേഷം അദ്ദേഹവും പരലോകപ്രാപ്തനായി. കാലങ്ങൾ കഴിഞ്ഞുപോയി. അന്ത്യോക്യയിൽ നിന്നു മുടക്കുകളായ ബ്രഹ്മാസ്ത്രങ്ങൾ തെരുതെരെ മലങ്കരയിൽ ചുഴറ്റിക്കൊണ്ടിരുന്നു. അപ്പോഴായിരുന്നു കർമ്മധീരനും പണ്ഡിതശിരോമണിയുമായ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവാന്നാസ്യോസ് തിരുമേനിയുടെ ചങ്കിനു ഒരസ്ത്രം പതിച്ചത്. അദ്ദേഹം ചരിത്രം പഠിച്ച ആളല്ലേ? വട്ടശ്ശേരിൽ തിരുമേനി ചോദിച്ചു. "എന്തിനാണ് എന്നെ മുടക്കിയത്?" എന്ന്. മറുപടിയോ നാം മുടക്കിയിരിക്കുന്നുവെന്നു മാത്രം.

പ്രിയരേ, ഒന്നു ഓർത്തോളിൻ! പാത്രിയർക്കീസിൽ നിന്നു മാത്രമേ പട്ടമേൽക്കുവാൻ നിയമമുള്ളു എന്ന ഭാവേനയും പാത്രിയർക്കീസിന്റെ എല്ലാ അധികാര പ്രേമത്തതകൾക്കും വട്ടശശേരിൽ തിരുമേനി വഴങ്ങിക്കൊടുത്തില്ലാ എന്ന നിരാശയും കൊണ്ടുമാണ് പാത്രിയർക്കീസ് 'നാം മുടക്കിയിരിക്കുന്നു'വെന്നു മാത്രം ധൈര്യമായി പറയുവാൻ മുതിർന്നത്. ഈ മണ്ണിൽ നിന്നു മുളച്ചുവന്ന പഴയസെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ തിരുമേനിയും പുന്നത്ര, ചേപ്പാട്ട് തിരുമേനിമാരും ഏതു പാത്രിയർക്കീസിൽ നിന്നാണ് പട്ടമേറ്റു മലങ്കര മെത്രാപ്പോലീത്തന്മാരായി വാണത്? തൊഴിയൂർ ഇടവകയുടെ കിടങ്ങൻ മാർ പീലക്സിനോസാണ് അവരെ പട്ടം കെട്ടിയത്. ഇത് ഒന്നും ആ ശീമക്കാരൻ ബാവ മനസ്സിലാക്കിയില്ല. അദ്ദേഹത്തിനും അതു അറിഞ്ഞുംകൂടാ. അദ്ദേഹത്തിന്റെ അനുയായികൾക്കും അതു അറിവുണ്ടായിട്ടും അവർ അതു മറന്നിരിക്കുമോ? ഇല്ല. കാനോനികമായ തിങ്കളാഴ്ചത്തെ നമസ്ക്കാരത്തിൽ അവർ ചൊല്ലുന്നത് എന്താണ്.

'നെക്‌വൂൻ ഗറുമായ്മെൻ കബറൊ
ദാലോഹൊ യൽദാസ്ബ് സുൽത്തോ
വെൻ മെസ്സ്പാല്ഗനോ എസ്ത്ലെമെൻ
കുശ്ത്തോ വെൻഇസ്സ് ബ്റേയാൻ
പൂലോഗോ അംനെസ്തുർല് ഗീഹാനോ
എസ്സറ്മെ.

'അമ് നെസ്തൂർ ല്ഗീഹാനോ എസ്സറുമെ.' നെസ്തറിയരോടുകൂടി നരകത്തിൽ ഇടപ്പെടട്ടെ. നെസ്തുറിയർക്കു നരകമാണ് കൂലി എന്നു ഈ ഗീതത്തിൽ പറയുന്നു. എന്നാൽ അവരുടെ വിശ്വാസത്തെ സ്വീകരിക്കാതെ അവരുടെ പട്ടത്വത്തെ യാക്കോബായക്കാർ സ്വീകരിക്കുന്നു.

എന്നാൽ പാത്രിയർക്കീസിനു മാത്രമേ മേൽപ്പട്ടം കൊടുപ്പാൻ അധികാരമുള്ളു എന്നും അദ്ദേഹമാണ് പരമാധികാരി യെന്നും പാത്രിയർക്കീസ് ധരിച്ചു. മെത്രാൻപട്ടം ഏൽക്കുവാൻ ശീമയിൽ പോയാൽ മാത്രമേ സാദ്ധ്യമാകയുള്ളുപോലും.!

നെസ്തോറിയരിൽ നിന്ന് പട്ടം ലഭിച്ചിട്ടുള്ള മേൽപ്പട്ടക്കാർ പോലും സഭയിൽ ഉണ്ടായിട്ടുണ്ട്.കഷ്ടം! ഇവയെ സാധൂകരിക്കുന്ന അന്ത്യോക്യാ പാത്രിയർക്കീസു 'തന്നിൽ നിന്നു മാത്രമേ പട്ടമേൽക്കാവൂ' എന്നു



ശരിക്കുകയും പട്ടമേറ്റവരുടെ മേൽ ഇടതടവില്ലാതെ മുടക്കുകൾ വർഷിക്കുകയും ചെയ്യുന്നു. ഇവയെ നാം സ്വീകരിക്കണം പോലും ! ആ ഭാഗവും നാം വിടുന്നു.

വട്ടശ്ശേരിൽ തിരുമേനിയെ മുടക്കു കൽപ്പിച്ച ആ പാത്രിയർക്കീസ് ആരായിരുന്നു? അദ്ദേഹത്തിന്റെ സ്വഭാവം എന്തായിരുന്നു? അദ്ദേഹം എങ്ങനെ പാത്രിയർക്കീസ് ആയി ? ഇവയെക്കുറിച്ചു വിവരിക്കുവാൻ ഒട്ടും ആഗ്രഹമില്ല. ആരോഗ്യം അതിന് അനുവദിക്കുന്നുമില്ല. എന്നാൽ ഒന്നുമാത്രം നാം ഓർത്തിരിക്കണം. ഗവൺമെന്റ് അധികാരികൾക്കു കൈക്കൂലി കൊടുത്തു സാക്ഷാൽ പാത്രിയർക്കീസിന്റെ ഫർമാൻ പിൻവലിപ്പിച്ചതിനു ശേഷമാണ് ഒരുനാൾ സത്യസഭയെ ത്യജിച്ച് റോമാ സഭയിൽ ചേർന്ന ആ വന്ദ്യദേഹം പരിശുദ്ധ സിംഹാസനത്തിൽ വലിഞ്ഞു കയറിയിരുന്നത് - അതും വിട്ടേക്കട്ടെ?

വട്ടശ്ശേരിൽ തിരുമേനിയെ അന്യായമായി മുടക്കി എന്ന സംഭവം മലങ്കരയെ ആകമാനം വിറകൊള്ളിച്ചു. വിദ്യാസമ്പന്നനും ഭക്തശിരോമണിയുമായ ആ തിരുമേനിയും മറ്റു മെത്രാപ്പോലീത്തന്മാരും ഇടവകക്കാരും കൂടി അന്ത്യോക്യാ പാത്രിയർക്കീസിന്റെ മലങ്കരയോടുള്ള കുതിരകയറ്റം നിർത്തുവാൻ പാത്രിയർക്കീസിനു സമാധികാരമുള്ളതും പാത്രിയർക്കാ സിംഹാസനത്തേക്കാൾ 94 വയസു കൂടുതൽ പ്രായമുള്ളതുമായ കാതോലിക്കാ സിംഹാസനം, മലങ്കരയിൽ പുനഃസ്ഥാപിക്കുവാൻ ഉറച്ചു. മൂന്നു മെത്രാപ്പോലീത്തന്മാർക്കു ഒരു പാത്രിയർക്കീസിനേയോ ഒരു കാതോലിക്കായെയോ വാഴിക്കുവാൻ അധികാരമുണ്ടെന്നും, എന്നാൽ കാതോലിക്കാ ജീവിച്ചിരിക്കുമ്പോൾ പാത്രിയർക്കീസിനെ പട്ടം കെട്ടുന്നതിന് കാതോലിക്കായെയും, പാത്രിയർക്കീസ് ജീവിച്ചിരിക്കുമ്പോൾ കാതോലിക്കായെ പട്ടം കെട്ടുന്നതിന് പാത്രിയർക്കീസിനേയും അന്യോന്യം ക്ഷണിക്കണമെന്നുമുള്ള കാനോൻ നിബന്ധനയനു സരിച്ചു പൗരസ്ത്യരായ നാം സാക്ഷാൽ പാത്രിയർക്കീസായ മാർ അബ്ദൽ മിശിഹാ ബാവായെ ക്ഷണിക്കുകയും,

> *ഇന്ന് ഈ മൈക്കിന് പറ്റിയപോലെ ഇടയ്ക്കിടയ്ക്ക് എന്റെ ശബ്ദത്തിനും ചില തകരാറുണ്ടാകുന്നുണ്ട്. എങ്കിലും പരിശുദ്ധ കാതോലിക്കാ സിംഹാസനത്തെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ നിങ്ങൾ ഗ്രഹിക്കണമെന്നുള്ള എന്റെ ആഗ്രഹം എന്റെ നെഞ്ചുവേദനയെ നിസ്സാരമാക്കുന്നു.*

അങ്ങിനെ കാതോലിക്കാ വാഴ്ചയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നമുക്കുണ്ടാകുകയും ചെയ്തു. അങ്ങിനെ പാത്രിയർക്കീസിന്റെയും മറ്റു തിരുമേനിമാരുടെയും സഹകരണത്തിൽ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിതമായി. പാത്രിയർക്കാ സിംഹാസനം തന്നെ അന്ത്യോക്യായിൽ നിന്നു മാറ്റി, ഇപ്പോൾ ഹോംസിലായിത്തീർന്നല്ലോ. എസ്സേസ്സായിൽ ഉണ്ടായ കാതോലിക്കാ സിംഹാസനവും ഇപ്പോൾ മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടിരിക്കയാണ്. സ്ലീബാ മാർ ഒസ്താത്തിയോസിനും മാർ യൂലിയോസിനും മാർ അബ്ദൽ മിശിഹാ ബാവ മുടക്കപ്പെട്ട ആളാണെന്നു ഒരേ നിഗമനം ആസ്പദമാക്കിക്കൊണ്ട് മൊഴി കൊടുക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ മാർ അബ്ദൽ മിശിഹാ ബാവാ മുടക്കപ്പെട്ട ആളൊ അല്ലയൊ എന്നു തെളിയിക്കുവാൻ നാമും കരുതുന്നില്ല. എങ്കിലും നിങ്ങൾ ഒന്നും അറിഞ്ഞിരിക്കണം. വിശ്വാസവിപരീതം കൊണ്ടല്ലാതെ ഒരു പാത്രിയർക്കീസിനെ മുടക്കുവാൻ ആർക്കും അധികാരമില്ല. മാർ അബ്ദൽ മിശിഹായുടെ വിശ്വാസവിപരീതം എന്തായിരുന്നുവെന്നു അന്ത്യോക്യാ ഭക്തന്മാർ തെളിയിക്കട്ടെ.

പ്രിയരെ! നാം അധികം പറയുന്നില്ല നമ്മൾ തന്നെയാണ് ഈ പ്രയാസം എല്ലാം വരുത്തിക്കൂട്ടിയത്. ഞാൻ ഒരു ദിവസം മാർ യൂലിയോസ് ബാവായുടെ അടുക്കൽ പോയിരുന്നു. നാമും അദ്ദേഹവും തമ്മിൽ വലിയ അടുപ്പമാണ്. നാം മഞ്ഞനിക്കരക്കു പോയാൽ അദ്ദേഹം നമുക്ക് കാപ്പി തരും. മറ്റാർക്കും കിട്ടിയില്ലെങ്കിലും നമുക്കു കണിശമാ. അദ്ദേഹം ബഥേലിലും വരാറുണ്ട്. നാം അദ്ദേഹത്തോട് ചോദിച്ചു 'ആബൂനേ നിങ്ങളും ഞാനും തമ്മിൽ പട്ടത്വത്തിനു വ്യത്യാസം ഉണ്ടോ? അദ്ദേഹം പറഞ്ഞു അന്ത്യോക്യാ പാത്രിയർക്കീസും കാതോലിക്കായും നടത്തുന്ന പട്ടംകൊട ശുശ്രൂഷാക്രമം ഒന്നുതന്നെയാണെങ്കിലും നിങ്ങളുടെ പട്ടം ശരിയല്ല! ഞാൻ പറഞ്ഞു ഓ-ഹോ അതു ശരി തന്നെ! ഞാൻ പാത്രിയർക്കീസിൽ നിന്നു പട്ടമേറ്റാൽ ഞാനും നിങ്ങളും തമ്മിൽ പട്ടത്വത്തിൽ വ്യത്യാസമുണ്ടോ? അദ്ദേഹം പറഞ്ഞു ഒട്ടും തന്നെ വ്യത്യാസമില്ല. ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു എന്നാൽ നിങ്ങളെ എന്താണ് ബാവാ

## മലങ്കര സഭയുടെ സ്കൂളുകൾ തിരിച്ചുപിടിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി

1934 മുതൽ പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കര സഭയുടെ സ്കൂളുകൾക്കായി നടത്തിയ പോരാട്ടം 1963-ൽ കേരള ഹൈക്കോടതി സ്കൂളുകൾ ഓർത്തഡോക്സ് സഭയ്ക്ക് വിട്ടുകൊടുക്കാൻ വിധിച്ചപ്പോഴാണ് അവസാനിച്ചത്. സുപ്രിം കോടതിയിൽ റീത്ത് വിഭാഗം അപ്പിലിന് പോകുവാൻ ശ്രമിച്ചപ്പോൾ ഇരുകക്ഷികളും മദ്ധ്യസ്ഥ തീരുമാനം അംഗീകരിച്ചു. അതിൻപ്രകാരം 11 സ്കൂളുകൾ റീത്തുകാർക്കും 17 സ്കൂളുകൾ ഓർത്തഡോക്സ് സഭയ്ക്കും ലഭിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനി ശക്തിയായി മാർ ഈവാനിയോസിനോട് പൊരുതി 24 സ്കൂളുകൾ ആദ്യമേ തിരിച്ച് പിടിച്ചിരുന്നു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ തിരുവല്ല എം.ജി.എം. ഹൈസ്കൂൾ എന്നിവയുടെ മാനേജർ സ്ഥാനം മാർ ഈവാനിയോസിന് കൊടുത്തിരുന്നില്ല. അതുകൊണ്ട് ആ സ്കൂളുകൾക്ക് കേസില്ലായിരുന്നു. തിരിച്ച് കിട്ടിയ എല്ലാ സ്കൂളുകളും ചേർത്താണ് പിന്നീട് കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂളുകൾ എന്ന പേരിൽ കോർപ്പറേറ്റ് മാനേജ്മെന്റ് രൂപവൽക്കരിച്ചത്.


എന്നും എന്നെ മെത്രാൻ എന്നും ആളുകൾ വിളിക്കുന്നത്? ആളുകൾ വിളിക്കുന്നതിന് ഞാനാണോ ഉത്തരവാദി എന്നും പറഞ്ഞുംകൊണ്ടു ഒരു പച്ചച്ചിരി പുറത്തു പ്രകാശിപ്പിച്ചു. നമ്മുടെ അറിവില്ലായ്മ ആ പുഞ്ചിരിയിൽ അന്തർലീനമായിരുന്നു. ഏതെങ്കിലും ഒരു ചുമപ്പു വസ്ത്രധാരി ശീമയിൽ നിന്നു മലങ്കരയിൽ വന്നാൽ നാം തന്നെ അവരെ വിളിക്കുകയാണ് വാ വാ എന്ന് ഏതൊരു ശീമമെത്രാൻ വന്നാലും വാവാ ആ വാവാ മാർ ഒസ്താത്തിയോസിനും മാർ യൂലിയോസിനും സംബോധനയായി യൂലിയോസ്സ് വാവാ.

നമുക്കുതന്നെ സ്വയാധികാരം ഉണ്ടെന്നും പാത്രിയർക്കാ സിംഹാസനത്തേക്കാൾ പഴക്കംകൂടിയതാണ് വിശുദ്ധ കാതോലിക്കാ സിംഹാസനം എന്നും നാം മനസ്സിലാക്കാതെ ശീമക്കാർ അവരുടെ അധികാരം മലങ്കരയിൽ ചെലുത്താൻ പതുങ്ങി പതുങ്ങി വരുമ്പോൾ നാം അവരെ വാ - വാ എന്നു സംബോധന ചെയ്തു സ്വീകരിക്കുന്നു. അങ്ങനെ ശീമയിലെ മെത്രാൻ മലങ്കരയിൽ വാ-വാ മാർ ആയിത്തീരുന്നു.

ഞാൻ മറ്റൊരു ദിവസം മാർ യൂലിയോസിനോട് ചോദിച്ചു. 'മഞ്ഞനിക്കര പഠിപ്പിക്കുന്ന കാനോൻ ഏതാണെന്ന്.' യൂലിയോസിന്റെ മറുപടി ഹൂദായകാനോൻ എന്നായിരുന്നു 'ആബൂനേ അതിൽ കാതോലിക്കായുടെ അധികാരത്തെക്കുറിച്ചു വായിച്ചിട്ടില്ലേ! മറുപടിയില്ല. നിങ്ങളുടെ 18 അക്കം കാനോനിൽ തന്നെ. കാതോലിക്കായുടെ അധികാരത്തെക്കുറിച്ചു വായിച്ചിട്ടില്ലേ? മറുപടി ഇല്ല വെറും ഒരു പച്ചച്ചിരി മാത്രം.

പ്രിയരേ! കണ്ണുണ്ടായിട്ടും അവർ കാണുന്നില്ല ചെവിയുണ്ടായിട്ടും കേൾക്കുന്നില്ല. പാവപ്പെട്ട മലങ്കരജനങ്ങൾ എന്തറിഞ്ഞു! അധികം ഏല്പിക്കപ്പെട്ടവരോടു അധികം ചോദിക്കും. അതിനാൽ കാനോൻ വ്യാഖ്യാനിക്കുന്ന മേൽപ്പട്ടക്കാർ തന്നെ വായിക്കട്ടെ, ചിന്തിക്കട്ടെ,, പിന്നീടു ജനങ്ങളെ പഠിപ്പിക്കട്ടെ!

*ഇന്നത്തെ യുവാക്കന്മാരാണു സഭയെ പരിപാലിക്കേണ്ടത്. ഇന്നു സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരുപക്ഷേ ഞാനും നാളെയോ മറ്റന്നാളോ മരിച്ചു പോയേക്കാം. അതിനാൽ യുവാക്കന്മാർ സഭാ സ്നേഹികളായി സഭാ സേവനത്തിനു കച്ച കെട്ടണം.*



**1930 ൽ പുത്തൻകാവിൽ കൊച്ചുതിരുമേനി മെത്രാപ്പോലീത്തായായ ശേഷം ആദ്യമായി കുന്നംകുളത്ത് എത്തിയപ്പോൾ വട്ടശ്ശേരി തിരുമേനിക്കും, പുത്തൻകാവിൽ കൊച്ചുതിരുമേനിക്കും നൽകിയ രാജകീയ സ്വീകരണം (സ്വീകരണത്തിന് അകമ്പടി സേവിച്ച നസ്രാണി വീരന്മാരാണ് ചിത്രത്തിൽ)**